# ശരീരം ഒന്ന്, ഹൃദയം മൂന്ന്!

ഒന്നിലധികം ഹൃദയമുള്ള ജീവിയേതെന്നയറിയാമോ? ഇല്ലെങ്കിൽ കേട്ടോളൂ, നീരാളി! ഒന്നല്ല, രണ്ടല്ല മൂന്നു ഹൃദയങ്ങളാണ് നീരാളിക്കുള്ളത്. ശകലങ്ങൾ വഴി രക്തം പമ്പ് ചെയ്യുന്ന രണ്ട് ഹൃദയങ്ങളും ശരീരത്തിന്റെ മറ്റു ഭാഗങ്ങളിലേക്ക് ഓക്സിജനടങ്ങിയ രക്തമെത്തിക്കുന്ന മറ്റൊരു ഹൃദയവും. നീരാളിയുടെ രക്തത്തിലെ ചെമ്പ്മൂലകം അടങ്ങിയ ഹീമോസയാനിൻ എന്ന പദാർത്ഥം രക്തത്തെ പെട്ടെന്ന് കട്ടിയുള്ളതാക്കും. ഇങ്ങനെ രക്തം കട്ടപിടിക്കുന്നതു തടയാൻ വേണ്ടിയാണ് ഇവയ്ക്ക് ശരീരത്തിൽ മൂന്ന് ഹൃദയങ്ങൾ.

നീരാളികളുടെ രക്തത്തിന് നീല നിറമാണെന്ന് കൂട്ടുകാർക്കറിയില്ലേ? ആ നിറം നൽകാൻ സഹായിക്കുന്നതും ഹീമോസയാനിൻ എന്ന പദാർത്ഥമാണ്. ശത്രുക്കളിൽ നിന്ന് രക്ഷ നേടാൻ നീരാളികൾ മഷി പോലുള്ള ഒരു ദ്രാവകം പുറപ്പെടുവിക്കാറുണ്ട്. ടൈറോസിനെസ് എന്ന സംയുക്തമടങ്ങിയ ഈ ദ്രാവകം ശത്രുക്കളുടെ കണ്ണിൽ വീഴുന്നതോടെ അവ അന്ധരാകും. ശത്രുക്കളിൽ നിന്ന് രക്ഷപ്പെടാൻ വേഗത്തിൽ നിറം മാറാനുള്ള കഴിവും നീരാളികൾക്കുണ്ട്.

❖



ബാലകുസുമം

പുസ്തകം 12
ലക്കം 1
2025 ജനുവരി

# വിജയം വന്ന വഴി



ശത്രുക്കളെ നേരിടാൻ പുറപ്പെട്ടതാണ് ഒരു സേനാവ്യൂഹം. പടക്കളത്തിലെത്തിയപ്പോൾ അവർ അമ്പരന്നുപോയി. മറുഭാഗത്ത് ഒരു വൻപട തന്നെ അണിനിരന്നിരിക്കുന്നു! 'അത്രയും വലിയൊരു പടയെ നേരിടാൻ നമുക്കാവുമോ? അവർ നമ്മെ ഒന്നടങ്കം നശിപ്പിച്ചു കളയില്ലേ? നമുക്കു മെല്ലെ പിൻവാങ്ങാം. വെറുതെ ജീവൻ നഷ്ടപ്പെടുത്തണമോ?'

സേനാനികൾ പേടിച്ച് ഇങ്ങനെയൊക്കെ പറയുന്നത് കേട്ടപ്പോൾ സൈന്യാധിപനു വിഷമമായി. ഇങ്ങനെ പേടിയുള്ള ഒരു സൈന്യവുമായി യുദ്ധത്തിന്നിറങ്ങിയാൽ വിജയി

**BALA KUSUMAM**
CHILDRENS MONTHLY

Samastha Centre
Jafarkhan Colony
Calicut - 673006
Ph : 0495 2772 846, 47
kusumammasika@gmail.com

- പബ്ലിഷർ
  പി. കുഞ്ഞഹമ്മദ്
- ചീഫ് എഡിറ്റർ
  സി.പി ശഫീഖ് ബുഖാരി
- എഡിറ്റർ
  ഇ.എം സുഫ്‌യാൻ ബുഖാരി
- ജനറൽ മാനേജർ
  എ. മൊയ്തീൻ മടവൂർ
- സർക്കുലേഷൻ
  ശരീഫ് സഖാഫി എടയൂർ
- ഇല്ലസ്ട്രേഷൻസ്
  ശ്യാംദാസ്, ഷാജി എസ്.എം
- ഡിസൈൻ ലേ-ഔട്ട്
  അൻവർ സ്വാദിഖ് ബുഖാരി



ക്കില്ലല്ലോ. സൈന്യങ്ങളുടെ പേടി മാറ്റണം. അവരുടെ മനസ്സിൽ ജയിക്കുമെന്ന് വിശ്വാസമുണ്ടാക്കണം. അതിനെന്താണൊരു വഴി? സൈന്യാധിപൻ ഏറെനേരം ആലോചിച്ച് ഒരു വഴി കണ്ടെത്തി.

അദ്ദേഹം സൈനികരോട് പറഞ്ഞു: ‘നമുക്ക് അല്പനേരം പ്രാർത്ഥിക്കാം. ദൈവത്തോട് വിജയത്തിന്നായി യാചിക്കാം.’ അങ്ങനെ അവർ പ്രാർത്ഥനയിൽ മുഴുകി.

തുടർന്ന് സൈന്യാധിപൻ ഒരു നാണയം കയ്യിലെടുത്തു പറഞ്ഞു: ‘നമ്മുടെ രാജ്യത്തിന്റെ നാണയമാണിത്. ഞാനിത് മുകളിലേക്കെറിയും. നമ്മുടെ രാജാവിന്റെ മുഖമുദ്രയുള്ള ഭാഗമാണ് മുകളിൽ വരുന്നതെങ്കിൽ നാം വിജയിക്കുമെന്നുറപ്പാണ്. മറുഭാഗമാണ് മുകളിൽ വരുന്നതെങ്കിൽ തോൽക്കുമെന്നും. എല്ലാവരും നമുക്കനുകൂലമായ വിധിക്കായി പ്രാർത്ഥിച്ചു കൊള്ളൂ.’

അദ്ദേഹം നാണയം മുകളിലേക്കെറിഞ്ഞു. ചുറ്റുമുള്ളവർ ആകാംക്ഷയോടെ സൂക്ഷിച്ചു നോക്കി. രാജാവിന്റെ മുഖമുദ്രയുള്ള ഭാഗമാണ് മുകളിൽ വീ

## ഹൈപ്പർസോണിക് ഇന്ത്യ

**ഇ**ന്ത്യയുടെ ദീർഘദൂര ഹൈപ്പർസോണിക് മിസൈൽ വിജയകരമായി പരീക്ഷിച്ചു. ഒഡിഷാതീരത്തെ ഡോ. എ.പി.ജെ അബ്ദുൽകലാം ദ്വീപിലാണ് ഡി.ആർ.ഡി.ഒ. പരീക്ഷണം നടത്തിയത്.



1500 കിലോമീറ്ററിലധികം ദൂരത്തേക്ക് വിവിധ പേലോഡുകൾ വഹിക്കാൻ ശേഷിയുള്ളതാണ് ഈ ഹൈപ്പർസോണിക് മിസൈൽ. മണിക്കൂറിൽ 6125 കിലോമീറ്ററാണ് വേഗം.

ണിരിക്കുന്നത്. 'നാം ജയിക്കും, നാം ജയിക്കും.' ഉപസൈന്യാധിപനും മറ്റുള്ളവരും ഉറക്കെ വിളിച്ചു പറഞ്ഞു. സേനാനികൾ ആഹ്ലാദാരവം മുഴക്കി. അവരുടെ ആത്മവിശ്വാസം ഉണർന്നു. ശത്രുക്കൾക്കെതിരെ പോരാടാനുള്ള ആവേശമായി പിന്നെ.

അവർ അത്യാവേശത്തോടെ മുന്നോട്ടു കുതിച്ചു. വൻപടയുമായി ഏറ്റുമുട്ടി. ആ മുന്നേറ്റത്തിനു മുമ്പിൽ പിടിച്ചു നിൽക്കാൻ ശത്രുക്കൾക്ക് കഴിഞ്ഞില്ല. അവർ തോറ്റോടി.

വിജയാഹ്ലാദത്തിൽ മതിമറന്ന ഉപസൈന്യാധിപൻ പറഞ്ഞു: 'വിധി മാറ്റിയെഴുതാൻ ഒരു ശക്തിക്കും കഴയില്ലെന്നു ബോധ്യമായല്ലോ. അപ്പോൾ സൈന്യാധിപൻ പറഞ്ഞു: 'അതു ശരിയാണ്. വിധിയെ മാറ്റാൻ ദൈവത്തിനല്ലാതെ കഴിയില്ല. ഈ യുദ്ധത്തിൽ നാം ജയിക്കുമെന്നത് ദൈവത്തിന്റെ വിധി തന്നെയാണ്. വിജയം വരെ നമുക്കത് അറിയില്ലായിരുന്നു.'

'നമ്മളത് നേരത്തെ അറിഞ്ഞതല്ലേ?' ഉപസൈന്യാധിപൻ ചോദിച്ചു.

'അല്ല. നിങ്ങളെ ഉണർത്താൻ ഞാൻ പ്രയോഗിച്ച ഒരു തന്ത്രമായിരുന്നു അത്' എന്നു പറഞ്ഞുകൊണ്ട് അദ്ദേഹം ആ നാണയമെടുത്തു കാണിച്ചുകൊടുത്തു. അതിന്റെ രണ്ടുവശവും രാജാവിന്റെ മുഖമുദ്രയാണുണ്ടായിരുന്നത്!

ആത്മവിശ്വാസവും ദൈവസഹായവുമുണ്ടെങ്കിൽ ഏതു വിഷമഘട്ടവും നേരിടാൻ കഴിയുമെന്നാണ് ഈ കഥ നമ്മെ ഉണർത്തുന്നത്.



സഫർ
മക്കളേ, ഇത്തിരി വെള്ളം വാങ്ങിത്തരണേ...
നിങ്ങളോടയാൾ എന്താണ് പറഞ്ഞത്?
അയാൾക്ക് കുറച്ചു വെള്ളം വാങ്ങിക്കൊടുക്കാൻ. നടക്കാനാവാതെ തളർന്നിരിക്കുകയാണെന്ന്.
കള്ളുകുടിച്ച് വീണതാന്നാ തോന്നുന്നേ.
എന്നിട്ട് നിങ്ങൾ വെള്ളം വാങ്ങിക്കൊടുത്തില്ലേ?
ങ്ഹും... ഏതോ ഒരു കിളവനു വെള്ളം വാങ്ങിക്കൊടുക്കാനോ?


സഫർ ഉടനെ ഒരു പാത്രത്തിൽ അൽപരം വെള്ളം
അയാൾക്കു കൊടുത്തു.
അയാൾ വെള്ളം വാങ്ങി ആർത്തിയോടെ കു
ടിച്ചു.
അൽഹംദുലി
ല്ലാഹ്!
ഉപ്പൂപ്പാ, നി
ങ്ങൾക്കെന്താ
പറ്റിയത്?
സുഖമില്ല മോനേ,
ആസ്പത്രിയിലേക്ക്
പോക്വാ. ഇവിടെ
ത്ത്യപ്പോ തളർന്നു
പോയി.
എന്നാൽ ഞങ്ങൾ ആ
സ്പത്രീലാക്കിത്ത
രാം. ഉപ്പാപ്പക്ക് എണീ
ക്കാൻ പറ്റ്വോ?
നമ്മൾക്കിയാ
ളെ ഹോസ്പി
റ്റലിൽ കൊ
ണ്ടുപോകാം.
തിരിച്ചുവരുമ്പോൾ സഫർ കുട്ടികളോട്
മക്കളേ, ദാഹിക്കുന്നവർക്ക്
വെള്ളവും വിശക്കുന്നവർ
ക്ക് ഭക്ഷണവും കൊടു
ക്കൽ വലിയ പുണ്യമുള്ള
കാര്യമാണെന്നറിയില്ലേ?
മദ്റസേന്ന് പഠി
ച്ചിട്ടുണ്ട്.



പഠിച്ചതനുസരിച്ച് പ്രവർത്തിക്കേണ്ടേ?
അത്.... അത്.... അയാൾ ഏതോ ഒരാളല്ലേ?
അങ്ങനെ വിചാരിക്കരുത് മക്കളേ. ആ പാവം ദാഹിച്ച് വലിഞ്ഞിരിക്കുകയായിരുന്നല്ലോ. കരുണ കാണിക്കേണ്ടേ?
ഭൂമിയിലുള്ളവരോട് നിങ്ങൾ കരുണ കാണിക്കണം. എന്നാൽ ആകാശത്തിന്റെ അധിപനായ അല്ലാഹു നിങ്ങളോടും കരുണ കാണിക്കും എന്ന് മുത്തുനബി(സ) പറഞ്ഞത് നിങ്ങൾ പഠിച്ചിട്ടില്ലേ?
അത് ഞങ്ങൾ പഠിച്ചിട്ടുണ്ട്.
പിന്നെ, അയാളൊരു വൃദ്ധനാണ്. വലിയവരോട് എങ്ങനെയാണ് പെരുമാറേണ്ടത്?
അവരെ ആദരിക്കണം.
ചെറിയവരോട് കരുണ കാണിക്കാത്തവനും വലിയവരെ ആദരിക്കാത്തവനും നമ്മിൽ പെട്ടവനല്ലെന്ന മുത്തുനബി(സ)യുടെ ഹദീസും നിങ്ങൾ പഠിച്ചിട്ടുണ്ടല്ലോ.
ങാ... പഠിച്ചതാ. ഇപ്പോൾ മറന്നുപോയി.
മക്കളേ, പഠിച്ചതനുസരിച്ച് പ്രവർത്തിക്കാൻ ഇപ്പോഴേ ശ്രമിക്കണം. അല്ലെങ്കിൽ ഒരു ഗുണവുമുണ്ടാവില്ല.
ഇനി ഞങ്ങളങ്ങനെ ചെയ്തോളാം സഫറിക്കാ...

ജനുവരി 26
റിപ്പബ്ലിക് ദിനം

ശാക്കിർ തോട്ടിക്കൽ

# ഇന്ത്യയെന്റെ രാജ്യം



**ലോ**കത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമാണ് ഇന്ത്യ. ഒരു പരമാധികാര റിപ്പബ്ലിക്കായി ഇന്ത്യ മാറിയിട്ട് 75 വർഷം തികയുന്നു. 1950 ജനുവരി 26 നാണ് നമ്മുടെ രാജ്യത്തിന്റെ ഭരണഘടന നിലവിൽ വന്നത്. അതിന്റെ വാർഷികമാണ് ഇന്ത്യ റിപ്പബ്ലിക് ദിനമായി ആഘോഷിക്കുന്നത്.

ജനങ്ങൾക്കും ജനപ്രതിനിധികൾക്കും പരമാധികാരമുള്ള ഭരണകൂടമെന്നാണ് റിപ്പബ്ലിക് എന്നതുകൊണ്ടുദ്ദേശ്യം. ജനാധിപത്യ, മതേതര, സോഷ്യലിസ്റ്റ് രാജ്യമായാണ് നമ്മുടെ ഭരണഘടന ഇന്ത്യയെ വിഭാവനം ചെയ്യുന്നത്. നിയമനിർമാണം, ഭരണനിർവഹണം, നീതിന്യായ വ്യവസ്ഥ എന്നിങ്ങനെ മൂന്നു തട്ടുകളാണ് ഇന്ത്യയുടെ ഭരണസംവിധാനത്തിനുള്ളത്. രാഷ്ട്രപതി (പ്രസിഡന്റ്)യാണ് രാജ്യത്തിന്റെ തലവൻ. കര-നാവിക-വ്യോമ സേനകളുടെ കമാൻഡർ ഇൻ ചീഫ് രാഷ്ട്രപതിയാണ്.

പാർലമെന്റിലെയും സംസ്ഥാന നിയമസഭകളിലെയും അംഗങ്ങൾ ഉൾപ്പെടുന്ന ഇലക്ടറൽ കോളേജാണ് രാഷ്ട്രപതിയെയും ഉപരാഷ്ട്രപതിയെയും തിരഞ്ഞെടുക്കുന്നത്. അഞ്ചു വർഷമാണ് ഇവരുടെ കാലാവധി. എന്നാൽ, മിക്ക

അധികാരങ്ങളും കേന്ദ്രീകൃത മായിരിക്കുന്നത് സർക്കാറിന്റെ തലവനായ പ്രധാനമന്ത്രി യിലാണ്. പൊതുതിരഞ്ഞെ ടുപ്പിൽ ഭൂരിപക്ഷം നേടുന്ന രാഷ്ട്രീയകക്ഷിയുടെയോ മു ന്നണിയുടെയോ നേതാവാണ് പ്രധാനമന്ത്രിയാവുക. രാഷ്ട്രപ തി, ഉപരാഷ്ട്രപതി, പ്രധാനമ ന്ത്രിയുടെ നേതൃത്വത്തിലുള്ള കേന്ദ്ര മന്ത്രിസഭ എന്നിവയട ങ്ങുന്നതാണ് ഇന്ത്യയുടെ ഭരണ നിർവഹണ സംവിധാനം.

രണ്ടു മണ്ഡലങ്ങളുള്ള പാർലമെന്ററി സംവിധാന മാണ് ഇന്ത്യയിലുള്ളത്. നിയമ നിർമ്മാണസഭ യായ ഉപരിമണ്ഡലത്തെ രാജ്യസഭയെന്നും അധോമണ്ഡലത്തെ ലോകസഭയെന്നും വിളിക്കുന്നു. രാജ്യ സഭയിൽ 250 അം ഗങ്ങളാണുള്ളത്. ഇതിൽ 12 പേരെ പ്രസിഡന്റാണ് നാമ നിർദ്ദേശം ചെയ്യുക. ബാക്കി 238 പേരെ സംസ്ഥാന നിയ മസഭകളിലെയും രണ്ട് കേന്ദ്രഭരണ പ്രദേശങ്ങളിലെയും അംഗങ്ങൾ രൂപീകരിക്കുന്ന ഇലക്ടറൽ കോ ളേജാണ് തിരഞ്ഞെടുക്കുന്നത്.

അതേസമയം 552 അംഗ ലോക്സഭയെ ജനങ്ങൾ നേരിട്ട് തിരഞ്ഞെടുക്കുന്നു. സർക്കാർ രൂപീകരണത്തിനും രാഷ്ട്രീയ മാറ്റങ്ങൾക്കും വേദിയാവുന്ന ത് ലോക്സഭയാണ്. 18 വയസ്സ് പൂർത്തിയായ പൗരന്മാർക്കെ ല്ലാം ഇന്ത്യയിൽ വോട്ടവകാശ മുണ്ട്.



## റിപ്പബ്ലിക് ദിന ആഘോഷങ്ങൾ

ഭാരതത്തിൽ പൊതു അവധിയായി ആഘോഷിക്കപ്പെടുന്ന റിപ്പബ്ലിക് ദിനത്തിൽ ഒട്ടേറെ പരിപാടികൾ രാജ്യ തലസ്ഥാനമായ ഡൽഹിയിൽ സംഘടിപ്പിക്കാറുണ്ട്. സൈനികപരേഡുകളാണതിൽ ഏറ്റവും പ്രധാനം. കരസേനയും നാവികസേനയും വ്യോമസേനയും അവരുടെ ഔദ്യോഗിക വേഷത്തിൽ പരേഡ് നടത്തുകയും രാഷ്ട്രപതി അവരുടെ സല്യൂട്ട് സ്വീകരിക്കുയും ചെയ്യും. ഇതു കൂടാതെ തിരഞ്ഞെടുക്കപ്പെട്ട സംസ്ഥാനങ്ങളുടെ പാരമ്പര്യത്തെ എടുത്തുകാണിക്കുന്ന പ്രദർശനങ്ങളും നടക്കും. റിപ്പബ്ലിക് ദിനത്തിൽ ഡൽഹി രാജ്പഥിൽ



തുടങ്ങി ചെങ്കോട്ടയിൽ അവസാനിക്കുന്ന പരേഡാണ് റിപ്പബ്ലിക് പരേഡ് എന്നറിയപ്പെടുന്നത്. രാഷ്ട്രപതിയും പ്രധാനമന്ത്രിയും ഉൾപ്പെടെയുള്ളവർ സന്നിഹിതരാകുന്ന ഈ ചടങ്ങിൽ സൈനികരുടെ സല്യൂട്ട് രാഷ്ട്രപതി സ്വീകരിക്കും.

സ്വതന്ത്ര നീതിന്യായ വ്യവസ്ഥയാണ് ഇന്ത്യയിലേത്. ഇന്ത്യൻ ചീഫ് ജസ്റ്റിസിന്റെ നേതൃത്വത്തിലുള്ള സുപ്രീം കോടതിയാണ് നീതിന്യായവ്യവസ്ഥയുടെ കേന്ദ്രം. സുപ്രീംകോടതി, 24 ഹൈക്കോടതികൾ, മറ്റു കോടതികൾ എന്നിവയാണ് ഇന്ത്യയിലെ പ്രധാന നീതിന്യായ സ്ഥാപനങ്ങൾ.

പൗരന്റെ മൗലികാവകാശങ്ങളും മറ്റും നിർവചിക്കുന്നതും സംസ്ഥാനങ്ങൾ തമ്മിലുള്ള പ്രശ്നങ്ങളും ഹൈക്കോടതിയിൽ നിന്നും അപ്പീൽ പോയ കേസുകളും കൈകാര്യം ചെയ്യുന്നതും സുപ്രീം കോടതിയാണ്. നീതിന്യായ വ്യവസ്ഥയിൽ പ്രശ്നങ്ങളുണ്ടെങ്കിൽ സർക്കാരിനും ജനങ്ങൾക്കും കോടതിയെ സമീപിക്കാം. ഭരണസംവിധാനത്തിന്റെ ഏറ്റവും ഉയർന്ന തലം എന്ന നിലയിൽ സുപ്രീംകോടതിക്ക് നീതിനിർവഹണ വ്യവസ്ഥയിൽ പ്രധാന പങ്കുണ്ട്. 22 ഭാഷകളെ ഔദ്യോഗികഭാഷയായി അംഗീകരിച്ചിട്ടുള്ള ഇന്ത്യയിലെ കേന്ദ്ര സർക്കാരിന്റെ ഔദ്യോഗിക ഭാഷ ഹിന്ദിയും ഇംഗ്ലീഷുമാണ്.


ഹോജ
ഗ്രാമത്തിലെ ഗ്രന്ഥശാലയിലെ ജോലിക്കാരനായിരുന്നു ഹോജ. ഒരു വളഞ്ഞ കത്തിയുമായി ഗ്രന്ഥശാലയിലേക്ക് പോകുന്ന ഹോജയെ തടഞ്ഞുകൊണ്ട് കാവക്കാരൻ
ഏയ്, എങ്ങോട്ടാണീ കത്തിയുമായി? ഗ്രന്ഥശാലയിലേക്ക് ആയുധങ്ങളൊന്നും കൊണ്ടുപോകാൻ പറ്റില്ലെന്നറിയില്ലേ?
ഇത് ഗ്രന്ഥങ്ങളിലെ അക്ഷരത്തെറ്റുകൾ ചുരണ്ടിക്കളഞ്ഞ് തിരുത്താനാണ്.
കള്ളം പറയുന്നോ? അതിനെന്തിനാണ് ഇത്ര വലിയ കത്തി?
താങ്കൾക്കറിയാമോ? ഈ കത്തി കൊണ്ടു പോലും തിരുത്താനാവാത്തത്ര വലിയ അക്ഷരത്തെറ്റുകൾ ഗ്രന്ഥങ്ങളിൽ കാണാറുണ്ട്!

# ശ്രദ്ധ

അബൂ ത്വൽഹതിൽ അൻസ്വാരി(റ)വിന് ഒരു വലിയ മുന്തിരിത്തോട്ടമുണ്ടായിരുന്നു. ജോലി സമയത്ത് ബാങ്കുവിളി കേട്ടാലുടൻ അദ്ദേഹം തോട്ടത്തിൽവെച്ചു തന്നെ നിസ്കരിക്കാറാണ് പതിവ്. ഒരു ദിവസം നിസ്കരിക്കുന്നതിനിടയിലാണ് മഹാൻ മുന്തിരിക്കുലയിലിരിക്കുന്ന ഈച്ചയെ കണ്ടത്. ശ്രദ്ധ അതിൽ പതിഞ്ഞതിനാൽ എത്ര റക്അത്താണ് നിസ്കരിച്ചതെന്ന് മഹാൻ മറന്നുപോയി. റക്അത്തുകളുടെ എണ്ണത്തിൽ സംശയിച്ചാൽ ഉറപ്പുള്ള എണ്ണം സ്വീകരിക്കണമെന്നാണല്ലോ മസ്അല. മഹാൻ അതുപ്രകാരം നിസ്കരിച്ചു. നിസ്കാരത്തിൽ ശ്രദ്ധ തെറ്റിച്ചതിന് പ്രായശ്ചിത്തമായി ആ തോട്ടം മുഴുവൻ അദ്ദേഹം ദാനമായി നൽകി. (മുവത്വ)

# ന്യൂനത

രാജാവ് വലിയൊരു കൊട്ടാരം നിർമിച്ചു. വിഭവസമൃദ്ധമായ ഭക്ഷണങ്ങളൊരുക്കി ജനങ്ങളെ ക്ഷണിച്ചു. പിരിഞ്ഞുപോകുമ്പോൾ എല്ലാവരും അഭിപ്രായം



പറയണമെന്നും നിർദ്ദേശിച്ചു. എല്ലാവരും നല്ല അഭിപ്രായം പറഞ്ഞു പിരിഞ്ഞുപോയി. ഒരാൾ മാത്രം പിരിഞ്ഞുപോകാതെ അവിടെ നിൽക്കുന്നതു കണ്ടപ്പോൾ രാജാവ് ചോദിച്ചു:

'നിങ്ങളുടെ അഭിപ്രായമെന്താണ്?'

അദ്ദേഹം പറഞ്ഞു: 'കാഴ്ചയിൽ ഗംഭീരം. പക്ഷേ, വീട്ടുകാരന് പരിഹരിക്കാനാകാത്ത ഒരു ന്യൂനതയുണ്ട്.'

രാജാവ് ചോദിച്ചു: 'എന്താണത്, പറയൂ?'

ഒറ്റവാക്കിൽ അദ്ദേഹം പറഞ്ഞു: 'മരിച്ചുപോവും.'

അദ്ദേഹത്തിന്റെ മറുപടി കേട്ട രാജാവ് കൊട്ടാരത്തിലുള്ളതെല്ലാം പാവപ്പെട്ടവർക്ക് ദാനം ചെയ്തു. (ഇഹ്‌യാഉലൂമുദ്ദീൻ)



## തൗബ

മൂസാനബി(അ) അല്ലാഹുവിനെ നേരിൽ കാണാൻ പോകുമ്പോൾ ഇബ്‌ലീസ് പറഞ്ഞു: 'എന്റെ തൗബ സ്വീകരിക്കാൻ താങ്കൾ അല്ലാഹുവിനോടപേക്ഷിക്കണം.'

അപ്പോൾ മൂസാനബി(അ) പറഞ്ഞു: 'അതിന് ആദ്യം നീ ആദംനബി(അ)ന്റെ ഖബ്‌റിനരികിൽ സൂജൂദ് ചെയ്യണം.'

ഇതുകേട്ട് ഇബ്‌ലീസ് പറഞ്ഞു: 'ഹും, ജീവിച്ചിരിക്കുമ്പോൾ അദ്ദേഹത്തിനു മുന്നിൽ സൂജൂദ് ചെയ്യാത്ത ഞാൻ മരണശേഷം സുജൂദ് ചെയ്യുകയോ!' (ബദാഇഉസുഹൂർ)

അബൂതസ്നീം

# നാടു കാണാം, നാടിനെ അറിയാം

'നമുക്ക് നമ്മുടെ നാടൊന്നു കാണേണ്ടേ?'

അൻവർ സാർ ചോദിച്ചപ്പോഴേക്കും റിയാസ് ചാടിയെഴുന്നേറ്റ് ചോദിച്ചു: 'നമ്മുടെ നാട്ടിൽ എന്തു കാണാനാ സാറേ? എന്നും കാണുന്നതല്ലേ?'

'എന്നാൽ റിയാസ് പറയൂ, നമ്മുടെ നാട്ടിലെത്ര മലയുണ്ട്? എത്ര കുളങ്ങളുണ്ട്? നെല്ല് വിളയുന്ന വയലുണ്ടോ?'

സാറിന്റെ ചോദ്യത്തിനു മുമ്പിൽ റിയാസ് കുഴങ്ങി. മിണ്ടാതിരുന്നപ്പോൾ സാറ് ആവശ്യപ്പെട്ടു: 'എന്നാൽ, നമ്മുടെ നാട്ടിൽ റിയാസ് എന്നും കാണാറുള്ളത് എന്തൊക്കെയാണെന്ന് പറയൂ.'

റിയാസ് മടിച്ചുമടിച്ച് എഴുന്നേറ്റു നിന്നു പറഞ്ഞു: 'ടാറിട്ട റോഡുണ്ട്, വെള്ളമൊഴുകുന്ന ഒരു തോടുണ്ട്, തോടിനു മീതെ ഒരു പാലമുണ്ട്, സ്കൂളുണ്ട്, മദ്റസയുണ്ട്, പള്ളിയുണ്ട്, കുറെ വീടുകളുണ്ട്, റോഡരികിൽ കുറെ കടകളുണ്ട്.' റിയാസ് പറഞ്ഞു നിർത്തിയപ്പോൾ സാർ ചോദിച്ചു: 'തീർന്നോ റിയാസ് കണ്ട കാഴ്ചകൾ?'

അവൻ നിന്ന് ആലോചിക്കുന്നത് കണ്ടപ്പോൾ സാർ പറഞ്ഞു: 'ശരി, റിയാസ് ഇരിക്കൂ. റിയാസ് പറഞ്ഞതിനപ്പുറം പല കാഴ്ചകളും നമുക്ക് കാണാനുണ്ടല്ലോ. നമുക്ക് നമ്മുടെ നാടൊന്നു കാണാനിറങ്ങിയാലോ? ആരൊക്കെയുണ്ട് കൂടെ വരാൻ?'

'ഞാനുണ്ട് സാർ.' കുഞ്ഞു

മോൻ ചാടിയെണീറ്റ് പറഞ്ഞു.

'ഞാനുമുണ്ട്.... ഞാനുമുണ്ട്.... ഞാനുമുണ്ട്....' അഞ്ചെട്ടുപേർ കൈ പൊക്കി വിളിച്ചുപറഞ്ഞു.

അപ്പോൾ റിയാസും കൈ പൊക്കി വിളിച്ചുപറഞ്ഞു: 'ഞാനും റെഡിയാണ് സാർ.'



'നാളെ ത്തന്നെ പോകാം സാർ.' എല്ലാവരും സമ്മതം പറഞ്ഞു.

'എന്നാൽ രാവിലെ ഏഴു മണിക്ക് സ്കൂളിലെത്തണം. കുറച്ചു ഭക്ഷണവും വെള്ളവും എല്ലാവരും കരുതണം. ഓകെ?'

'ഓകെ സാർ.'

**********

രാവിലെ ഏഴു മണിക്കു തന്നെ എല്ലാവരുമെത്തിയിട്ടുണ്ട്. കുഞ്ഞുമോൻ പേരെഴുതി

വായിച്ചു: 'റിയാസ്, രാഹുൽ, റാശിദ്, മുജ്തബ.... അമീന, ഹെനിൻ, മുംതാസ്, റജുല, രാഗിണി.... മൊത്തം ഇരുപതു പേർ.

സാറ് കുട്ടികളെ അഞ്ച് ഗ്രൂപ്പുകളായി തിരിച്ചു. ഓരോ ഗ്രൂപ്പിലും നാലുപേർ.

'എന്നാൽ പുറപ്പെടാമല്ലേ?'

സാറ് മുന്നിൽ നടന്നു. റോഡിൽനിന്ന് ഒരിടവഴിയിലേക്ക് കടന്നു. കുറച്ചു നടന്നപ്പോൾ നല്ല കയറ്റമായി. കയറിക്കയറി അവർ മലമുകളിലെത്തി. മലമുകളിലൊരു പരന്ന പാറ. പാറപ്പുറത്തെത്തിയതും പലരും ക്ഷണിച്ചിരുന്നു പോയി. ഇളം വെയിൽ കൊണ്ട്, വെള്ളം കുടിച്ചു ക്ഷീണം മാറ്റിയപ്പോൾ സാറ് പറഞ്ഞു: 'ഇനിയെല്ലാവരും എഴുന്നേറ്റുനിന്നു ചുറ്റുമൊന്നു നോക്കിയാട്ടെ.'

അതിമനോഹരമായ കാഴ്ചയിൽ ലയിച്ചു നിന്നുപോയി കൂട്ടുകാർ. നാലു പാടും പച്ച തന്നെ. തെങ്ങിൻ തോപ്പുകളും വലിയ മരങ്ങളും വയലേലകളും പരത്തുന്ന പച്ച!

അതിനിടയിൽ തലയുയർത്തി നിൽക്കുന്ന കുറെ കെട്ടിടങ്ങൾ. സ്കൂളും പള്ളിയുമൊക്കെ തിരിച്ചറിഞ്ഞപ്പോൾ സാർ ചോദിച്ചു: 'നമ്മുടെ നാടിന്റെ നാലുവശവും ശ്രദ്ധിച്ചോ?'





അപ്പോഴാണവരെല്ലാം അത് ശ്രദ്ധിച്ചത്; മൂന്നു ഭാഗവും മലകൾ, ഒരുഭാഗത്ത് വയലുകളും.

‘എത്ര മനോഹരമാണല്ലേ നമ്മുടെ നാട്?’

‘അതേ സാറേ, നല്ലൊരു നാട് തന്നെ.’ പലരും ഉറക്കെ പറഞ്ഞു.

അപ്പോഴാണ് കുഞ്ഞുമോൻ ചോദിച്ചത്: ‘സാറേ, ആ മലയുടെ നടുക്കെന്താ മരങ്ങളൊന്നുമില്ലാതെ ചെമപ്പു നിറത്തിൽ?’

‘ങാ... അത് നീ കണ്ടെത്തിയല്ലേ? അതാണ് ഒരു കമ്പനി വന്ന് മണ്ണ് കോരിക്കൊണ്ടുപോയി ഇടിച്ചുനിരപ്പാക്കിയ സ്ഥലം. അവരെ ഓടിക്കാൻ നാട്ടിലൊരു സമരം നടന്നത് അറിഞ്ഞിരുന്നില്ലേ?’

‘നാടിനെന്തോ പരിക്കുപറ്റിയ പോലെ. അല്ലേ സാറേ?’

‘അതേ, അതൊരു പരിക്കു തന്നെയാണ്. മലകളൊക്കെ തുരന്ന് മണ്ണെടുത്തു കൊണ്ടുപോയി വയൽ നികത്തുന്നവരൊക്കെ നമ്മുടെ നാടിന്റെ നല്ല പ്രകൃതിയെ നശിപ്പിക്കുന്നവരാണല്ലോ.’

അപ്പുറത്തെ മല

യിലെ രക്തംപുരണ്ട പരിക്കു നോക്കി എല്ലാവരും സങ്കടപ്പെട്ടു.

'അധികസമയം ഇവിടെ നിന്നാൽ നമുക്ക് മറ്റു കാഴ്ചകളൊന്നും കാണാൻ നേരം കിട്ടില്ല മക്കളേ, എല്ലാവരും എഴുന്നേൽക്ക്, നമുക്കു നടന്നു തുടങ്ങാം.' സാറ് പറഞ്ഞു.

'ഈയൊരു കാഴ്ചകൊണ്ടുതന്നെ മുതലായി സാറേ ഈ യാത്ര.' റിയാസ് അഭിപ്രായപ്പെട്ടു.

അപ്പോൾ സാറ് അവനെ നോക്കി പറഞ്ഞു: 'നീ വിചാരിച്ചത് നിന്റെ നാടെന്നാൽ നിന്റെ വീട് മുതൽ സ്കൂൾ വരെയുള്ള സ്ഥലമെന്നായിരുന്നു അല്ലേ?'

'അതേ സാറേ. എന്റെ വിചാരം അങ്ങനെയായിരുന്നു.' റിയാസ് തെറ്റ് സമ്മതിച്ചുകൊണ്ട് ചിരിച്ചു.

'ഇനിയെന്തൊക്കെ കാഴ്ച്ചകൾ കാണാനുണ്ടെന്നോ? വന്നാട്ടെ.' സാറ് അവരെ ചെടികൾ ഇടതൂർന്നു വളർന്ന ഭാഗത്തേക്ക് വിളിച്ചു. അവിടെ മരങ്ങൾക്കിടയിൽ കണ്ട കാഴ്ച അവരെ അമ്പരപ്പിച്ചു കളഞ്ഞു: 'നല്ല തെളിനീർ നിറഞ്ഞൊഴുകുന്ന ഒരു കുളം.'

'ഈ മലമുകളിൽ കുളമോ? അത്ഭുതം തന്നെ!' കുഞ്ഞുമോൻ ആഹ്ലാദത്തോടെ പറഞ്ഞു പോയി.

അപ്പോൾ സാറ് പറഞ്ഞു: 'നമ്മുടെ സ്കൂളിനടുത്തു കൂടി ഒഴുകുന്നൊരു തോടില്ലേ? ആ തോട്ടിലൂടെ ഈ കുളത്തിലെ വെള്ളമാണ് ഒഴുകുന്നത്.'

'നേരോ സാറേ?' രാഗിണി വിശ്വാസം വരാതെ ചോദിച്ചു.

'നമുക്കിതാ ഈ വെള്ളം ഒഴുകിപ്പോകുന്ന വഴിക്കിങ്ങനെ നടന്നിറങ്ങാം. അപ്പോൾ ബോധ്യമാവുമല്ലോ.' സാറ് അവരെ നീർച്ചാലിന്നരികിലൂടെ താഴോട്ട് നയിച്ചു. നടത്തത്തിൽ സാറ് പറഞ്ഞുകൊണ്ടിരുന്നു; ഇനിയും കാണാനിരിക്കുന്ന കാഴ്ചകളെക്കുറിച്ച്.

'അതേ, നമുക്ക് നമ്മുടെ നാടിനെ ആദ്യമൊന്നു നല്ലോണം കാണാം, എന്നിട്ട് പോയാൽ പോരേ മറ്റു നാടുകൾ കാണാൻ?'

'മതി സാറേ, മതി.' എല്ലാവരും സമ്മതിച്ചു.

# കടലാസുപാലം

വെള്ളം തനിയെ കടലാസുപാലം കടക്കാൻ ശ്രമിക്കുന്നത് നിങ്ങൾ കണ്ടിട്ടുണ്ടോ? നമുക്കു പരിശോധിക്കാം.

**ആവശ്യമായ വസ്തുക്കൾ:**
കട്ടിയുള്ള രണ്ട് ടിഷ്യൂ പേപ്പറുകൾ, മൂന്ന് ഗ്ലാസുകൾ, കളർ

**ചെയ്യേണ്ട വിധം:** മൂന്ന് ഗ്ലാസുകൾ നേരെ നിരത്തി വെക്കുക. രണ്ടറ്റത്തുമുള്ള ഗ്ലാസുകളിൽ വെള്ളം നിറയ്ക്കുക. മധ്യഭാഗത്തെ ഗ്ലാസ് ശൂന്യമായിരിക്കണം. ഇടതുവശത്തുള്ള ഗ്ലാസിൽ നീല നിറവും വലതുവശത്തുള്ള ഗ്ലാസിൽ മഞ്ഞനിറവും ചേർക്കുക. ഒരു ടിഷ്യൂപേപ്പർ നീളത്തിൽ മടക്കി ഒരറ്റം ആദ്യത്തെ ഗ്ലാസിലും മറ്റേ അറ്റം രണ്ടാമത്തേതിലും വരുന്ന വിധത്തിൽ വയ്ക്കുക. രണ്ട് ഗ്ലാസുകളുടെയും അടിയിൽ ടിഷ്യൂപേപ്പർ സ്പർശിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക. മറ്റൊരു ടിഷ്യൂപേപ്പർ രണ്ടാമത്തെയും മൂന്നാമത്തെയും ഗ്ലാസുകൾക്കിടയിൽ സമാനമായ രീതിയിൽ വയ്ക്കുക.

ഏതാനും മിനിറ്റുകൾക്കുള്ളിൽ, വശങ്ങളിലുള്ള ഗ്ലാസുകളിൽ നിന്ന് മഞ്ഞ, നീല നിറങ്ങളിലുള്ള വെള്ളം ടിഷ്യൂപേപ്പറുകളിലൂടെ മധ്യത്തിലുള്ള ശൂന്യമായ ഗ്ലാസിലേക്ക് നീങ്ങാൻ തുടങ്ങും. മറ്റു രണ്ട് ഗ്ലാസുകളിൽ നിന്ന് വെള്ളമെത്തുന്നതിനാൽ ഒരു മണിക്കൂറിനുള്ളിൽ മധ്യത്തിലുള്ള ഗ്ലാസിലെ ജലനിരപ്പ് ഉയരുന്നു. മഞ്ഞയും നീലയും നിറങ്ങൾ കലരുമ്പോൾ മധ്യത്തിലുള്ള ഗ്ലാസിലെ വെള്ളം പച്ചനിറത്തിൽ കാണപ്പെടുന്നു.



**സംഭവിക്കുന്നത്:** 'കാപ്പിലറി ആക്ഷൻ' എന്ന ഒരു പ്രക്രിയയനുസരിച്ചാണ് വെള്ളം ടിഷ്യൂപേപ്പറുകളിലേക്ക് നീങ്ങുന്നത്. ഗുരുത്വാകർഷണത്തിനെതിരായ ഒരു ദ്രാവകത്തിന്റെ ഇടുങ്ങിയ ഇടങ്ങളിലൂടെയുള്ള ചലനമാണ് കാപ്പിലറി പ്രവർത്തനം. മരത്തിന്റെ വേരുകളെ വെള്ളം ആഗിരണം ചെയ്യാനും ഇലകളിലേക്ക് കൊണ്ടുപോകാനും അനുവദിക്കുന്ന അതേ തത്വമാണിത്.

Current Affairs

## JCB പുരസ്കാരം

ജെ.സി.ബി ലിറ്ററേച്ചർ ഫൗണ്ടേഷൻ ഇത്തവണത്തെ പുരസ്കാരത്തിന് ഉപമന്യു ചാറ്റർജിയുടെ ലോറൻസോ സെർച്ചസ് ഫോർ മീനിങ് ഓഫ് ലൈഫ് എന്ന കൃതി അർഹമായി. ഏകദേശം 25 ലക്ഷം രൂപയാണ് പുരസ്ക്കാരത്തുക.

## ഡിജിറ്റൽ കോടതി

രാജ്യത്തെ ആദ്യ ഡിജിറ്റൽ കോടതി കൊല്ലത്ത് പ്രവർത്തനം തുടങ്ങി. ചെക്ക് പാസാകാതെ മടങ്ങുന്ന കുറ്റം സംബന്ധിച്ച കേസുകളാണ് പരിഗണിക്കുക. വെബ്സൈറ്റ് വഴി ഫോം പൂരിപ്പിച്ച് കേസ് ഫയൽ ചെയ്യാം. 24 മണിക്കൂറും കോടതിയുടെ സേവനം ലഭ്യമാകും.

## പ്രിയങ്കക്ക് കന്നിജയം

കേരളത്തിലെ ഉപതിരഞ്ഞെടുപ്പുകളിൽ ഐക്യജനാധിപത്യ മുന്നണി നേട്ടം സ്വന്തമാക്കി. വയനാട് ലോക്സഭാ ഉപതിരഞ്ഞെടുപ്പിൽ വിജയം കുറിച്ച് കോൺഗ്രസിന്റെ പ്രിയങ്കഗാന്ധി ആദ്യമായി പാർലമെന്റിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. രാഹുൽ ഗാന്ധി സ്ഥാനമൊഴിഞ്ഞ വയനാട്ടിൽ നിന്ന് 4.10 ലക്ഷം വോട്ടിന്റെ ഭൂരിപക്ഷത്തോടെയാണ് പ്രിയങ്ക വിജയിച്ചത്. അസംബ്ലി ഉപതിരഞ്ഞെടുപ്പുകളിൽ പാലക്കാട് കോൺഗ്രസിന്റെ രാഹുൽ മാങ്കൂട്ടത്തിലും ചേലക്കരയിൽ സി.പി.എമ്മിന്റെ യു.ആർ പ്രദീപും തിരഞ്ഞെടുക്കപ്പെട്ടു.



## ജി-സാറ്റ് 20 ഭ്രമണപഥത്തിൽ

ഐ.എസ്.ആർ.ഒയുടെ ജിസാറ്റ്-20 ഉപഗ്രഹം ഭ്രമണപഥത്തിൽ. സ്പേസ് എക്സിന്റെ ഫാൽക്കൺ 9 റോക്കറ്റിൽ യു.എസിലെ കേപ് കാനവറിൽ നിന്നാണ് ജിസാറ്റ് 20 വിക്ഷേപിച്ചത്. കർണാടകയിലെ ഹാസനിൽ ഐ.എസ്.ആർ.ഒയുടെ മാസ്റ്റർ കൺട്രോൾ ഫെസിലിറ്റിയിലാണ് ഉപഗ്രഹത്തിൽനിന്ന് ഡേറ്റ സ്വീകരിക്കുന്നത്. ജിസാറ്റ് 20 ന്റെ സഹായത്തോടെ ഇന്റർനെറ്റ് സേവനങ്ങൾ പരിമിതമായ ഇന്ത്യൻ പ്രദേശങ്ങളിൽ വേഗമുള്ള ഇന്റർനെറ്റ് ലഭ്യമാകും.



Current Affairs

## പന്തിന് സ്വർണവില

ഇന്ത്യൻ പ്രീമിയർ ലീഗ് ക്രിക്കറ്റിന്റെ താരലേലചരിത്രത്തിൽ ഏറ്റവും വിലയേറിയ താരം എന്ന റെക്കോർഡ് ഇന്ത്യൻ താരം ഋഷഭ് പന്ത് സ്വന്തമാക്കി. സൗദിയിലെ ജിദ്ദയിൽ നടന്ന ലേലത്തിൽ 27 കോടി രൂപയ്ക്കു ലക്നൗ സൂപ്പർജയന്റ്സാണ് പന്തിനെ സ്വന്തമാക്കിയത്. ഇതേ ലേലത്തിൽ 26.75 കോടി രൂപയ്ക്ക് ഇന്ത്യൻ താരം ശ്രേയസ് അയ്യരെ പഞ്ചാബ് കിങ്സ് സ്വന്തമാക്കി.

## സഞ്ജീവ് ഖന്ന ചീഫ് ജസ്റ്റിസ്

സുപ്രീംകോടതിയുടെ 51-ാമത് ചീഫ് ജസ്റ്റിസായി ജസ്റ്റിസ് സഞ്ജീവ് ഖന്ന സ്ഥാനമേറ്റു. രാഷ്ട്രപതി ദ്രൗപദി മുർമു സത്യവാചകം ചൊല്ലിക്കൊടുത്തു. 2025 മേയ് 13-ന് ജസ്റ്റിസ് ഖന്ന വിരമിക്കും.



2019 ജനുവരി 18-നാണ് ജസ്റ്റിസ് ഖന്ന സുപ്രീംകോടതി ജഡ്ജിയായത്. ജമ്മു-കശ്മീരിന് പ്രത്യേകപദവി റദ്ദാക്കിയത് ശരിവയ്ക്കൽ, തിരഞ്ഞെടുപ്പ് ബോണ്ട് പദ്ധതി റദ്ദാക്കൽ തുടങ്ങിയവ ജസ്റ്റിസ് ഖന്ന ഉൾപ്പെട്ട ബെഞ്ചിന്റെ സുപ്രധാന വിധികളാണ്.

## സാമന്ത ഹാർവിക്ക് ബുക്കർ പുരസ്കാരം

ബ്രിട്ടീഷ് എഴുത്തുകാരി സാമന്ത ഹാർവിക്ക് 2024ലെ ബുക്കർ പുരസ്കാരം. ഓർബിറ്റൽ എന്ന സയൻസ് ഫിക്ഷൻ നോവലാണ് സാമന്തയെ പുരസ്കാരത്തിനർഹയാക്കിയത്.അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലെ ആറു യാത്രികർ ഭൂമിയെ വലംവയ്ക്കുന്ന കഥയാണ് നോവലിലുള്ളത്. ഏകദേശം 53,78,190 രൂപയാണ് അവാർഡ് തുക.

## ചൈനയിൽ സ്വർണച്ചാകര

ലോകത്തെ ഏറ്റവും വലിയ സ്വർണനിക്ഷേപം ചൈനയിലെ ഹുനാൻ പ്രവിശ്യയിലെ പിൻജിയാങ് കൗണ്ടിയിൽ കണ്ടെത്തി. ഉയർന്ന ഗുണനിലവാരമുള്ള 1000 ടൺ അയിര് ഇവിടെനിന്ന് കണ്ടെത്തിയതായി ജിയോളജിക്കൽ ബ്യൂറോ അറിയിച്ചു. രണ്ടുകിലോമീറ്ററോളം ആഴത്തിൽ ഏകദേശം 40 സ്വർണസിരകളാണ് കണ്ടെത്തിയത്. ഏകദേശം 70 ലക്ഷം കോടി രൂപ വിലമതിക്കുമെന്നാണ് കരുതുന്നത്.



# നല്ല മനസ്സുള്ള കൃഷിക്കാരൻ

**തെ**ന്നൂർ ഗ്രാമത്തിൽ ഭാസ്കരൻ എന്ന് പേരുള്ള പാവപ്പെട്ടൊരു കർഷകനുണ്ടായിരുന്നു. ഓല മേഞ്ഞ ചെറിയൊരു കുടിലിലായിരുന്നു അയാളും ഭാര്യയും മൂന്നു മക്കളും താമസിച്ചിരുന്നത്. ഒരിക്കൽ പെരുമഴപെയ്ത് അദ്ദേഹത്തിന്റെ കൃഷിയിടത്തിലെല്ലാം വെള്ളം കയറി. കുറച്ചു ദിവസം അവർക്ക് വിശപ്പടക്കാൻ ഒന്നും കിട്ടിയില്ല. അടുത്ത ദിവസം ഭാസ്കരൻ കൃഷിയിടത്തിലൂടെ നടക്കുന്നതിനിടയിലാണ് എന്തോ തിളങ്ങുന്നതു കണ്ടത്. അവിടെയുള്ള മണ്ണു മാറ്റി നോക്കിയപ്പോൾ ഭാസ്കരൻ അതിശയപ്പെട്ടുപോയി. ഒരു നിധിപ്പെട്ടിയായിരുന്നു അത്. അതിൽ നിറയെ സ്വർണനാണയങ്ങളായിരുന്നു. സത്യസന്ധനായ ഭാസ്കരൻ അത് ഗ്രാമമുഖ്യന് കൈമാറി. ഗ്രാമമുഖ്യൻ ഭാസ്കരന്റെ വിശേഷങ്ങളെല്ലാം ചോദിച്ചറിഞ്ഞു. ആ നിധി ഭാസ്കരനു തന്നെ തിരിച്ചു നൽകിക്കൊണ്ട് പറഞ്ഞു: 'താങ്കളുടെ നല്ല മനസ്സിനുള്ള സമ്മാനമാണിത്. നീ വലിയ പണക്കാരനായാൽ പാവങ്ങളെയൊന്നും മറക്കരുത്.' ഭാസ്കരൻ സമ്മതിച്ചു. പിന്നീടുള്ള കാലം അയാളും കുടുംബവും സന്തോഷത്തോടെ ജീവിച്ചു.



*ശാഹുൽഹമീദ് ഒ.കെ, ക്ലാസ് 5*
*എ.എം.യു.പി സ്കൂൾ പള്ളിക്കൽ*

## മിന്നുപ്പൂച്ച



**മ്യാ**വൂ മ്യാവൂ കരയും പൂച്ച
മത്സ്യം കണ്ടാലെത്തും പൂച്ച
ഒത്തിരി നേരം മീനിനു വേണ്ടി
കാത്തിരിക്കും മിന്നുപ്പൂച്ച

*മുഹമ്മദ് സി.കെ*
*ക്ലാസ് 7, ളിയാഉൽഇസ്‌ലാം മദ്റസ, സ്വലാത്ത്നഗർ*

# ഒരു മഴക്കാലത്ത്



**ജൂ**ൺ മാസത്തിലെ ഒരു സന്ധ്യാ നേരത്ത് ഞാൻ മുറ്റത്തിരിക്കുകയായിരുന്നു. കോരിച്ചൊരിയുന്ന പെരുമഴ. ഞാനതും നോക്കിയിരുന്നു. അരുവികളിലും തോടുകളിലും വെള്ളം നിറഞ്ഞൊഴുകുന്നു. മഴയത്തിറങ്ങി നടക്കണമെന്ന് എനിക്ക് ആശയുണ്ടായിരുന്നു. പക്ഷേ, പനിയും ജലദോഷവും പിടിക്കുമെന്ന് ഉമ്മ പറഞ്ഞിട്ടുണ്ട്.

അപ്പോഴാണ് മുറ്റത്തെ മാവിൻകൊമ്പിൽ നിന്ന് ഒരു കുഞ്ഞിക്കിളിയുടെ കരച്ചിൽ കേട്ടത്. എന്തിനായിരിക്കും ആ കുഞ്ഞിക്കിളി കരയുന്നത്? അമ്മയെ കാണാഞ്ഞിട്ടാകുമോ? മഴ നനഞ്ഞിട്ടാകുമോ? എനിക്ക് വിഷമമായി. ആ കുഞ്ഞിക്കിളിക്ക് ഒന്നും വരുത്തരുതേ... എന്ന് ഞാൻ പ്രാർത്ഥിച്ചു. രാത്രി ഉറങ്ങാൻ കിടക്കുമ്പോഴും ആ കുഞ്ഞിക്കിളിയുടെ ശബ്ദം കേൾക്കുന്നതുപോലെ എനിക്ക് തോന്നി.

***ആമിന, ദാറുൽഫത്ഹ് മദ്റസ, ഇടുക്കി, തൊടുപുഴ***

## കത്തുകൾ

പ്രിയപ്പെട്ട ബാലകുസുമത്തിന്,

നിന്നെ എനിക്ക് ഒരുപാട് ഇഷ്ടമാണ്. വർഷങ്ങളിലായി നിന്റെ വരിക്കാരിയാണ് ഞാൻ. ഗുണപാഠങ്ങളും ഉപദേശങ്ങളും മിസ്റ്റർ മണ്ടപ്പന്റെയും ഹോജയുടെയും ഫലിതങ്ങളും എനിക്ക് ഒത്തിരി ഇഷ്ടമാണ്. കളിക്കളത്തിലെ ആക്റ്റിവിറ്റികളെല്ലാം ഞാൻ ചെയ്യാറുണ്ട്. വേർഡ് പസിൽ, നെയിം മീ, സുഡോക്കു എന്നിവയെല്ലാം എനിക്ക് വളരെ ഇഷ്ടമാണ്. കറന്റ്അഫയേഴ്സ് ഉപകാരപ്രദമാണ്. ഇനിയും പുതുമ നിറഞ്ഞ വിഭവങ്ങളുമായി നീ വരുമെന്ന പ്രതീക്ഷയോടെ കാത്തിരിക്കുന്നു.

***ആഇശത്ത് അഫ്ന, ക്ലാസ് 7, സിറാജുൽ ഇസ്‌ലാം ഹയർസെക്കൻഡറി മദ്റസ പള്ളപ്പാടി, കാസറഗോഡ്***

# പായസക്കൊതി

ഒരു വീട്ടിൽ മിട്ടു എന്നു പേരുള്ള ഒരു പൂച്ചയുണ്ടായിരുന്നു. ഒരു ദിവസം വീട്ടിൽ പായസമുണ്ടാക്കിയപ്പോൾ മിട്ടുവിന് വേഗം മണം കിട്ടി. 'ഹായ്, നല്ല പായസത്തിന്റെ മണമാണല്ലോ വരുന്നത്. കുടിക്കാൻ പൂതിയാകുന്നു.' മിട്ടു ഒളിച്ചിരുന്ന് ആളില്ലാത്ത തക്കം നോക്കി പതിയെ പായസക്കുടുക്കയുടെ അടുത്തേക്ക് ചാടി. അപ്പോഴാണ് പായസക്കുടുക്കയുടെ അടപ്പ് താഴെ വീണത്. മിട്ടു പേടിച്ചോടിയപ്പോൾ ബാക്കിയുള്ള പാത്രങ്ങളെല്ലാം താഴെ വീണു തവിടുപൊടിയായി.

***അഹ്മദ് സ്വബീഹ് കെ.എം, ക്ലാസ് 1***
***ഖുതുബിയ്യ മദ്റസ, പാലപ്പറമ്പ്***

# വിശപ്പ്

ഒട്ടിയ വയറുമായ്
ഏറെ അലഞ്ഞിട്ടും
ക്രൂരതയല്ലാതെ
കിട്ടിയില്ലൊന്നും.

***മുഹമ്മദ് ഫായിസ്, ക്ലാസ്സ് 9***
***മുഹിമ്മാത്തുദ്ദീൻ മദ്റസ, കാസറഗോഡ്***

മുത്തുനബി(സ)യുടെ മുഅ്ജിസത്തുകളിൽ പ്രധാനമാണ് ഇസ്റാഅ്, മിഅ്റാജ് സംഭവം. മക്കയിലെ മസ്ജിദുൽ ഹറാമിൽ നിന്ന് ആയിരത്തിലധികം കിലോമീറ്റർ അകലെയുള്ള ഫലസ്തീനിലെ മസ്ജിദുൽഅഖ്സ്വായിലേക്കുള്ള യാത്രയാണ് ഇസ്റാഅ്. തുടർന്ന് മസ്ജിദുൽ അഖ്സ്വായിൽ നിന്ന് വാനലോകത്തേക്കുള്ള പ്രയാണമാണ് മിഅ്റാജ്. നുബുവ്വത്തിന്റെ പതിനൊന്നാം വർഷം റജബ് 27ന് ഒരു തിങ്കളാഴ്ചരാവിലായിരുന്നു ഈ സംഭവം.

വിശുദ്ധദീനിന്റെ പരസ്യപ്രബോധനം ആരംഭിച്ചതോടെ തിരുനബി(സ)ക്ക് ഒരുപാട് ബുദ്ധിമുട്ടുകൾ നേരിടേണ്ടിവന്നു. അപ്പോഴെല്ലാം സംരക്ഷണം നൽകിയത് പിതൃവ്യൻ അബൂതാലിബും പ്രിയപത്നി ഖദീജബീവി(റ)യുമായിരുന്നു. ഇവരുടെ വിയോഗം തിരുനബി(സ)ക്ക് ഏറെ വിഷമമുണ്ടാക്കി. ഇതിൽ ആശ്വാസം പകരാൻ കൂടിയാണ് അല്ലാഹു ഇസ്റാഅ്- മിഅ്റാജ് സംഭവം നിശ്ചയിച്ചത്.

അബൂത്വാലിബിന്റെ പുത്രിയായ ഉമ്മുഹാനിഅ്(റ)വിന്റെ വീട്ടിൽ ഉറങ്ങുകയായിരുന്ന നബി(സ)യെ

ജിബ്രീൽ(അ) വന്ന് വിളിച്ചുണർത്തി. ബുറാഖ് എന്ന വാഹനത്തിലാണ് ജിബ്രീൽ(അ) നബി(സ)യെ ബൈത്തുൽമുഖദ്ദസിലേക്ക് കൊണ്ടുപോയത്. ബൈത്തുൽമുഖദ്ദസിൽ മുൻകാല നബിമാർക്ക് ഇമാമായി തിരുനബി(സ) നിസ്കരിച്ചു. പിന്നീടാണ് മിഅ്റാജ് നടന്നത്.

ഒന്നാം ആകാശത്ത് മനുഷ്യപിതാവ് ആദംനബി(അ), രണ്ടാം ആകാശത്ത് ഈസാനബി(അ), യഹ്യാനബി(അ), മൂന്നാം ആകാശത്ത് യൂസുഫ്നബി(അ), നാലാം ആകാശത്ത് യൂനുസ്നബി(അ), അഞ്ചാം ആകാശത്ത് ഹാറൂൻനബി(അ), ആറാം ആകാശത്ത് മൂസാനബി(അ), ഏഴാം ആകാശത്ത് ഇബ്റാഹീംനബി(അ) എന്നിവർ തിരുനബി(സ)യെ സ്വീകരിച്ചു യാത്രാമംഗളങ്ങൾ നേർന്നു.

സിദ്റത്തുൽമുൻതഹാ, ബൈത്തുൽമഅ്മൂർ തുടങ്ങിയ അല്ലാഹുവിന്റെ അത്ഭുതസൃഷ്ടികളും ഈ യാത്രയിൽ നബി(സ) കണ്ടു. തുടർന്ന് തിരുനബി(സ) അല്ലാഹുവിനെ നേരിൽ കണ്ട് അഭിമുഖ സംഭാഷണം നടത്തി. അഞ്ച് വഖ്ത് നിസ്കാരം അല്ലാഹു സമ്മാനമായി നൽകി.

യാത്രക്കു ശേഷം ഇതേക്കുറിച്ച് ഖുറൈശികളോട് പറഞ്ഞപ്പോൾ അബൂജഹ്ലും കൂട്ടുകാരും നബി(സ)യെ ഭ്രാന്തനെന്ന് വിളിച്ചു പരിഹസിച്ചു. എന്നാൽ, തിരുനബി(സ)യുടെ ആത്മസുഹൃത്തായിരുന്ന അബൂബക്ർ സിദ്ദീഖ്(റ) ഇത് കേട്ടയുടൻ വിശ്വസിക്കുകയാണ് ചെയ്തത്. അബൂബക്കർ(റ)വിന് 'സിദ്ദീഖ്' എന്ന സ്ഥാനപ്പേര് ലഭിച്ചതിനു കാരണവും അതു തന്നെ.



# ഇസ്റാഅ്, മിഅ്റാജ് അത്ഭുത പ്രയാണങ്ങൾ

മനാസിർ പടല

എം. കെ റെനിൽ

# കുഞ്ഞിക്കോഴി കണ്ട രാത്രി

**കോ**ഴിയമ്മ മുട്ടയിട്ടു. മുട്ട വിരിഞ്ഞു കുഞ്ഞുണ്ടായി. ചന്തമുള്ളൊരു കോഴിക്കുഞ്ഞ്!

കോഴിക്കുഞ്ഞ് കരഞ്ഞു തുടങ്ങി:

'കിയോ കിയോ കിയോ
കിയോ കിയോ കിയോ'

അതുകേട്ടപ്പോൾ കോഴിയമ്മയ്ക്ക് വലിയ സന്തോഷമായി.

രണ്ടുപേരും പറമ്പിലൂടെ ഉലാത്താൻ തുടങ്ങി. മുന്നിൽ കോഴിയമ്മ, പിന്നിൽ കോഴിക്കുഞ്ഞ്.

*കാഴ്ചകളങ്ങനെ*
*കണ്ടു നടക്കാൻ*
*കോഴിക്കുഞ്ഞിനു*
*സന്തോഷം*
*കാറ്റും വെയിലും*
*കൊണ്ടുനടക്കാൻ*
*കോഴിക്കുഞ്ഞിനു*
*സന്തോഷം.*

എന്നാൽ കോഴിയമ്മയ്ക്ക് അങ്ങനെയായിരുന്നില്ല. ആറ്റുനോറ്റുണ്ടായ തന്റെ ഓമനക്കുഞ്ഞിനെ വല്ല പരുന്തോ കഴുകനോ മറ്റോ കൊത്തിക്കൊണ്ടു പോകാൻ നിൽക്കുന്നുണ്ടോ എന്ന് നോക്കിക്കൊണ്ടായിരുന്നു കോഴിയമ്മയുടെ സഞ്ചാരം.

ധാന്യമണികൾ കൊത്തിപ്പെറുക്കിയങ്ങനെ നടക്കുമ്പോൾ കോഴിക്കുഞ്ഞ് ആരെയൊക്കെ കണ്ടുവെന്നോ?

*ചന്തമെഴുന്നൊരു*
*ചെമ്പരത്തി*
*പൂപോലുള്ളൊരു പൂമ്പാറ്റ*
*പാറി നടക്കും പൂത്തുമ്പി*

തുമ്പിയും പൂമ്പാറ്റയും ചെമ്പരത്തിപ്പൂവും കോഴിക്കുഞ്ഞിന്റെ കൂട്ടുകാരായി. അവർ മൂവരും കൂടി കോഴിക്കുഞ്ഞിനോട് ചോദിച്ചു:

*'കുഞ്ഞിക്കോഴീ,*
*കുഞ്ഞിക്കോഴീ*
*പോരുന്നോ നീ*
*പോരുന്നോ*
*കൂടെ ചേർന്നു നടന്നിടാം*
*കാഴ്ചകളെല്ലാം കണ്ടിടാം*
*പാട്ടുകൾ പാടി*
*രസിച്ചീടാം.'*

അതുകേട്ടപ്പോൾ കോഴിക്കുഞ്ഞ് അമ്മയോട് ചോദിച്ചു: 'അമ്മേ അമ്മേ, ഞാൻ ഈ ചങ്ങാതിമാരുടെ കൂടെ പൊക്കോട്ടെ?'

അപ്പോൾ കോഴിയമ്മ പറഞ്ഞു:

‘അമ്പമ്പോ, നേരം വളരെ വൈകിയല്ലോ.

ഇനി കളിയും ചിരിയുമൊക്കെ നാളെയാവാം.’

നേരമപ്പോൾ വൈകുന്നേരമായിരുന്നു.

പിന്നെ സന്ധ്യയായി. രാത്രിയായി.

രാത്രിയായതോടെ കോഴിയമ്മ കോഴിക്കുഞ്ഞിനെയും കൂട്ടി കൂട്ടിനകത്തു കയറി.

‘അയ്യയ്യോ, അമ്മേ, നമ്മളീ കൂട്ടിനകത്തു കയറിയതെന്തിനാണ്?’ കോഴിക്കുഞ്ഞ് ചോദിച്ചു.

‘രാത്രിയിൽ പുറത്തിറങ്ങിയാൽ കള്ളക്കുറുക്കന്മാർ നമ്മെ ഉപദ്രവിക്കും. അവർ രാത്രിയിൽ പതുങ്ങി നടക്കുന്ന ദുഷ്ടന്മാരാണ്.’

അതു കേട്ടപ്പോൾ കോഴിക്കുഞ്ഞ് പേടിച്ചുവിറച്ചു. എങ്ങും കൂരിരുട്ടാണ്. കോഴിക്കുഞ്ഞിന് രാത്രിയെ ഇഷ്ടമായതേയില്ല. രാത്രി ചീത്തയാണ്. രാത്രി വേണ്ടായിരുന്നു. പകലു മാത്രം മതിയായിരുന്നു.

നേരം കടന്നുപോയി.

പെട്ടെന്നാണ് കോഴിക്കുഞ്ഞ് അതുകണ്ടത്: അങ്ങുദൂരെ ആകാശത്ത് ഒരുപാടൊരുപാട് നക്ഷത്രങ്ങൾ!




നക്ഷത്രങ്ങൾക്കിടയിൽ നല്ലൊരമ്പിളിയും!

എല്ലാവരും തന്നെ നോക്കി ചിരിക്കുകയാണെന്ന് കോഴിക്കുഞ്ഞിനു തോന്നി.

കോഴിക്കുഞ്ഞ് കോഴിയമ്മയെ വിളിച്ചുണർത്തി. കാഴ്ച കണ്ടപ്പോൾ കോഴിയമ്മ പറഞ്ഞു:

‘രാത്രിയിൽ നമ്മളെ പിടികൂടാൻ കുറുക്കന്മാർ ഇറങ്ങുമെങ്കിലും കുഞ്ഞേ, രാത്രിക്കാണു ചന്തം; പകലിനെക്കാളും...’

അതു ശരിയാണെന്ന് കോഴിക്കുഞ്ഞിനും തോന്നി.

# സുൽത്താന്റെ യുദ്ധക്കൊതി




മന്ത്രി ആലോചനയിൽ മുഴുകി.
സുൽത്താന്റെ ഈ യുദ്ധക്കൊതി അപകടമാണല്ലോ.
എന്തെങ്കിലും അടിയന്തിരമായി ചെയ്തേ പറ്റൂ.
മന്ത്രി സുൽത്താനെ സമീപിച്ചു.
തിരുമനസ്സേ, അങ്ങ് ഓമനിച്ചു വളർത്തുന്ന രണ്ടു ഒട്ടകങ്ങളെ കൂടി യുദ്ധത്തിന് കൊണ്ടുപോകേണ്ടിവരും.
ഹെന്ത്! അവയ്ക്ക് വല്ലതും പറ്റിയാൽ നമുക്കത് സഹിക്കാനാവില്ലെന്നറിയില്ലേ.
അറിയാം അമീർ! അതുപോലെ യുദ്ധത്തിൽ സൈനികർ മരിച്ചു വീഴുമ്പോൾ അവരുടെ ഉറ്റവർക്കത് സഹിക്കാനാകുമോ?
അത് ശരിയാണല്ലോ. മന്ത്രീ, അങ്ങ് നമ്മുടെ കണ്ണ് തുറപ്പിച്ചു.

സ്വാതന്ത്ര്യസമരത്തിലെ മുസ്‌ലിം സേനാനികൾ



# അലി സഹോദരന്മാർ

ഹാഫിള് മുഹ്സിൻ തൂത



**ബ്രി**ട്ടീഷുകാർക്കെതിരെ ധീരമായി പോരാടിയ അലിസഹോദരന്മാരെ കൂട്ടുകാർക്കറിയില്ലേ? ഉത്തർപ്രദേശിലെ റാംപൂരിലാണ് അബ്ദുൽ അലിഖാന്റെയും ബീയുമ്മ എന്നറിയപ്പെട്ട ആബാദിബീഗത്തിന്റെയും മക്കളായി മുഹമ്മദലിയും ശൗക്കത്തലിയും ജനിച്ചത്. ചെറുപ്പത്തിൽ ഉപ്പയെ നഷ്ടപ്പെട്ട ഇരുവരെയും ഉയർന്ന വിദ്യാഭ്യാസം നൽകി വളർത്താൻ ദീർഘവീക്ഷണമുള്ള ആ ഉമ്മ തീരുമാനിച്ചു. അവരതിൽ വിജയിച്ചു. ആ രണ്ടു മക്കളും ഇന്ത്യയുടെ നേട്ടവും അഭിമാനവുമായി.

## മൗലാനാ മുഹമ്മദലി ജൗഹർ

പ്രസിദ്ധനായ എഴുത്തുകാരനും പ്രഭാഷകനുമായിരുന്ന മുഹമ്മദലി ഇന്ത്യൻ സ്വാതന്ത്ര്യസമര നേതാക്കളിൽ പ്രധാനിയാണ്. ഓൾ ഇന്ത്യ മുസ്‌ലിം ലീഗ്, ഇന്ത്യൻ നാഷണൽ കോൺഗ്രസ്, ഖിലാഫത്ത് മൂവ്മെന്റ് തുടങ്ങിയ രാഷ്ട്രീയ പാർട്ടികളുടെ നായകനായിരുന്നു അദ്ദേഹം. മുസ്‌ലിംകൾ തങ്ങളുടെ നേതാവായി കണ്ടിരുന്ന തുർക്കിയിലെ മുസ്തഫാകമാലിനെ നശിപ്പിക്കരുതെന്ന് 1919ൽ അദ്ദേഹം ബ്രിട്ടീഷുകാരോടപേക്ഷിച്ചു.

അപേക്ഷ നിരസിക്കപ്പെട്ട തോടെ ഇന്ത്യയിൽ മടങ്ങിയെത്തിയ അദ്ദേഹം ഖിലാഫത്ത് പ്രസ്ഥാനം രൂപീകരിക്കുകയും ബ്രിട്ടീഷുകാർക്കെതിരെയുള്ള പോരാട്ടം ആരംഭിക്കുകയും ചെയ്തു. ഖിലാഫത്ത് പ്രസ്ഥാനത്തെ മഹാത്മാഗാന്ധി അടക്കം നിരവധി ദേശീയനേതാക്കൾ പിന്തുണക്കുകയും ഇത് ബ്രിട്ടീഷുകാരെ പ്രകോപിതരാക്കി. 1921 ൽ അദ്ദേഹത്തെ അറസ്റ്റ്ചെയ്ത് കറാച്ചി സെൻട്രൽ ജയിലിലടച്ചു. രണ്ടര വർഷത്തിനു ശേഷമാണദ്ദേഹം ജയിൽമോചിതനായത്. 1930ൽ ലണ്ടനിൽ വെച്ച് നടന്ന ഒന്നാമത്തെ വട്ടമേശ സമ്മേളനത്തിൽ പങ്കെടുത്തുകൊണ്ട് അദ്ദേഹം നടത്തിയ പ്രസംഗം



ഗാന്ധിജിയോടൊന്നിച്ച്



മാതാവ് ആബാദിബീഗവുമൊത്ത്

പിന്നീട് കോൺഗ്രസിൽ ലയിപ്പിക്കുകയും ചെയ്തു. നിരവധി അമുസ്‌ലിംകളും ഖിലാഫത്ത് പ്രസ്ഥാനത്തിൽ പങ്കാളികളായിയിരുന്നു.

ബ്രിട്ടീഷ് വിരുദ്ധ നയം സ്വീകരിച്ചുകൊണ്ട് 'ദി കോംറേഡ്' എന്ന പേരിൽ അദ്ദേഹം ഒരു പത്രം ആരംഭിച്ചിരുന്നു.

ചരിത്രപ്രസിദ്ധമാണ്. 'ഒന്നുകിൽ നിങ്ങൾ എന്റെ നാടിന് സ്വാതന്ത്ര്യം നൽകുക. അല്ലെങ്കിൽ എനിക്ക് ഈ സ്വതന്ത്രഭൂമിയിൽ ആറടിമണ്ണ് നൽകുക' എന്ന് ബ്രിട്ടീഷുകാരോടാവശ്യപ്പെട്ടു. 1931 ജനുവരി നാലിനാണ് അദ്ദേഹം ഈ ലോകത്തോട് വിട പറഞ്ഞത്.

## മൗലാന ശൗക്കത്തലി

ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ അവസാനത്തെ പ്രസിഡന്റും ജവഹർലാൽ നെഹ്റുവിന്റെ അടുത്ത സുഹൃത്തുമായിരുന്നു മുഹമ്മദ് ശൗക്കത്തലി. മൗലാനാ മുഹമ്മദലിയുടെ ജ്യേഷ്ഠ സഹോദരനായിരുന്നു അദ്ദേഹം. അനുജന്റെ പോരാട്ടങ്ങൾക്ക് അദ്ദേഹം പൂർണ്ണ പിന്തുണ നൽകി. മുഹമ്മദലി അറസ്റ്റ് ചെയ്യപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ പത്രം ഏറ്റെടുത്തു പുറത്തിറക്കി ശൗക്കത്തലി സ്വാതന്ത്ര്യസമരത്തിൽ സജീവമായി. 'ഇന്ത്യൻ നാഷണൽ കോൺഗ്രസിലും ഗാന്ധിജിയോടൊപ്പം നിസ്സഹകരണ പ്രസ്ഥാനത്തിലും പങ്കെടുത്തതിന്റെ പേരിൽ 1921 മുതൽ 1923 വരെ അദ്ദേഹത്തെ ബ്രിട്ടീഷുകാർ രാജ്കോട്ട് ജയിലിടച്ചു. 1930-31 വർഷങ്ങളിൽ നടന്ന ഒന്നും രണ്ടും വട്ടമേശസമ്മേളനങ്ങളിൽ മൗലാനാ ശൗക്കത്തലി പങ്കെടുത്തിട്ടുണ്ട്. ഒന്നാം സമ്മേളനത്തിനു ശേഷം സഹോദരൻ മുഹമ്മദലി ജൗഹർ അന്തരിച്ചപ്പോൾ അദ്ദേഹം അവിടെത്തന്നെ തുടരുകയും അനുജന്റെ ഖബറിടം സ്ഥിതിചെയ്യുന്ന ജറുസലേമിൽ ലോകമുസ്‌ലിം സമ്മേളനം സംഘടിപ്പിക്കുകയും ചെയ്തു. ആ മഹാവ്യക്തിത്വം 1938 നവംബർ

പണ്ട് ചൈനയിൽ പിയാങ് എന്നു പേരുള്ള ഒരു സമ്പന്നൻ ജീവിച്ചിരുന്നു. അദ്ദേഹത്തിന് അനേകം ആപ്പിൾതോട്ടവും മുന്തിരിത്തോട്ടവും സ്വന്തമായുണ്ടായിരുന്നു. അതിനുപുറമെ, അദ്ദേഹത്തിന്റെ ഏതു കൽപ്പനയും അനുസരിക്കാൻ തയ്യാറുള്ള പരിചാരകന്മാരും.

ഒരിക്കൽ പിയാ



ങ് തന്റെ പരിചാരകന്മാരിൽ ഒരാളായ മിയോങ്ങിനെ വിളിച്ച് പറഞ്ഞു:

'നീ ഉടൻ ചെന്ന് ആപ്പിൾതോട്ടത്തിൽ നിന്ന് കുറച്ച് നല്ല ആപ്പിളുകൾ പറിച്ചു കൊണ്ടുവരണം.

അബ്ദുല്ല പേരാമ്പ്ര

# മധുരമുള്ള ആപ്പിൾ



മധുരമില്ലാത്തത് ഒന്നുപോലും ഉണ്ടാകരുത്. നാളെ വരുന്ന അതിഥികൾക്ക് കൊടുക്കാനുള്ളതാണ്.'

കേട്ടപാടെ മിയോങ് ഒരു കുട്ടയുമെടുത്ത് ആപ്പിൾതോട്ടത്തിലേക്കോടി. ആപ്പിളുകൾ കണ്ട് മിയോങ്ങിന് സംശയമായി. എല്ലാം ഒരുപോലെയിരിക്കുന്നു. ഇതിൽ ഏതാണ് മധുരമുള്ളത്, ഏതാണ് മധുരമില്ലാത്തത് എന്നെങ്ങനെ തിരിച്ചറിയും?

മിയോങ് ഓരോ ആപ്പിളും പറിച്ചെടുത്ത് ഒരു ഭാഗം കടിച്ചുനോക്കി മധുരമുണ്ടെന്ന് ഉറപ്പുവരുത്തി കുട്ടയിൽ നിറച്ചു.

ആപ്പിളുമായി അയാൾ പിയാങ്ങിന്റെ അരികിലെത്തി. കുട്ടയിലെ ആപ്പിളുകൾ കണ്ട് പിയാങ് ചോദിച്ചു: 'ഇതെന്താ, എല്ലാ ആപ്പിളും ആരോ കടിച്ചിട്ടുണ്ടല്ലോ!'

'മധുരമുണ്ടെന്ന് ഉറപ്പുവരുത്താൻ അവയെല്ലാം ഞാൻ തന്നെ രുചിച്ചു നോക്കിയതാണ് പ്രഭോ!'

മിയോങ് നിഷ്കളങ്കമായി ചിരിച്ചുകൊണ്ട് മറുപടി പറഞ്ഞു.

## ക്വിസ്
## ആനുകാലികം പൊതുവിജ്ഞാനം

1. ലക്ഷദ്വീപിൽ പ്രവർത്തനമാരംഭിച്ച ആദ്യ സ്വകാര്യ ബാങ്ക്?

2. 2028ലെ ലൊസാഞ്ചലസ് ഒളിമ്പിക്സിൽ ഫ്ലാഗ് ഫുട്ബോൾ, ലക്റോസ്, സ്ക്വാഷ്, ബേസ്ബോൾ - സോഫ്റ്റ്ബോൾ എന്നീ മത്സരങ്ങൾക്കൊപ്പം പുതുതായി ഉൾപ്പെടുത്തിയ കായികയിനം?

3. ഇന്ത്യയിലെ ഏറ്റവും വലിയ ഡീപ് വാട്ടർ തുറമുഖ പദ്ധതി നിലവിൽ വരുന്ന സംസ്ഥാനം?

4. ചരിത്രത്തിൽ ആദ്യമായി ചന്ദ്രോപരിതലത്തിലിറങ്ങിയ സ്വകാര്യ പേടകം?

5. നിലവിലെ ലോക്പാൽ അധ്യക്ഷൻ?

6. ദേശീയ വിദ്യാഭ്യാസനയം നടപ്പിലാക്കിയ ആദ്യ സംസ്ഥാനം?

7. ദേശീയ വിദ്യാഭ്യാസനയത്തിന് മന്ത്രിസഭയുടെ അംഗീകാരം ലഭിച്ചതെന്ന്?

8. വനിതാ കർഷകരുടെ രാജ്യാന്തര വർഷമായി ആചരിക്കുന്നത് ഏതു വർഷം?

9. രാഷ്ട്രീയപാർട്ടികൾക്ക് സംഭാവന സ്വരൂപിക്കാൻ കേന്ദ്ര സർക്കാർ കൊണ്ടുവന്ന ഏത് പദ്ധതിയാണ് സുപ്രീംകോടതി റദ്ദാക്കിയത്?

10. 2024 ലെ ബാഡ്മിന്റൺ ഏഷ്യ ടീം ചാമ്പ്യൻഷിപ്പിന് വേദിയായതെവിടെ?

11. ബ്രിട്ടീഷ് എഴുത്തുകാരി സാമാന്ത ഹാർവിക്ക് ഈ വർഷത്തെ ബുക്കർ സമ്മാനം നേടിക്കൊടുത്ത നോവൽ?

12. ഇന്ത്യയിലെ ഏറ്റവും ഉയർന്ന സമ്മാനത്തുകയുള്ള സാഹിത്യ പുരസ്കാരം?

13. രാജ്യാന്തര ഹോക്കി ഫെഡറേഷൻ മികച്ച ഗോൾകീപ്പർക്കുള്ള പുരസ്കാരം നേടിയ മലയാളി താരം?

14. രാജ്യാന്തര ടി20



എഎം ഖാൻവിൽക്കർ, പിആർ ശ്രീജേഷ്, ജയ് ഭട്ടചാര്യ, ഹേമന്ത് സോറൻ, എം.കെ സാനു

ക്രിക്കറ്റിൽ ഒരു വർഷം മൂന്ന് സെഞ്ചുറി നേടുന്ന ആദ്യ താരം?

15. ജാർഖണ്ഡിൽ വീണ്ടും മുഖ്യമന്ത്രിയായ ജെ.എം.എം നേതാവ്?

16. 2024 ലെ ഇന്ത്യൻ പ്രീമിയർ ലീഗ് ക്രിക്കറ്റ് താരലേലത്തിന് വേദിയായ നഗരം?

17. നിസ്സഹകരണ പ്രസ്ഥാനം ആരംഭിച്ച വർഷം?

18. മുതലാളിത്ത സമ്പദ് വ്യവസ്ഥയുടെ പിതാവ് എന്നറിയപ്പെടുന്നതാര്?

19. യു.എസിലെ ഉന്നത ആരോഗ്യ ഗവേഷണ സ്ഥാപനങ്ങളായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്തിന്റെ ഡയറക്ടറായി ഡൊണാൾഡ് ട്രംപ് നിർദ്ദേശിച്ച ഇന്ത്യൻ വംശജൻ?

20. ഒട്ടകവർഷമായി ആചരിക്കപ്പെടുന്നവർഷം?

21. ഇന്ത്യയുടെ എത്രാമത്തെ ചീഫ് ജസ്റ്റിസാണ് സഞ്ജീവ് ഖന്ന ചുമതലയേറ്റത്?

22. ചൈന പുറത്തിറക്കിയ ലോകത്തിലെ ഏറ്റവും വേഗമുള്ള ഹ്യൂമനോയ്ഡ് റോബോട്ടിന്റെ പേര്?

23. സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ കേരള ജ്യോതി പുരസ്കാരം ഇത്തവണ നേടിയതാര്?

24. ദക്ഷിണ കൊറിയയിലേക്ക് മാലിന്യ ബലൂണുകൾ പറത്തിവിട്ട രാജ്യം?

25. ലോകാരോഗ്യ സംഘടന ഈയിടെ മലേറിയമുക്തമായി പ്രഖ്യാപിച്ച രാജ്യം?

**ഉത്തരങ്ങൾ**

1. എച്ച്ഡിഎഫ്സി, 2. ക്രിക്കറ്റ്, 3. മഹാരാഷ്ട്ര, 4. ഒഡീസിയസ്, 5. എഎം ഖാൻവിൽക്കർ, 6. കർണാടക, 7. 2020 ജൂലൈ 29, 8. 2026, 9. ഇലക്ട്രൽ ബോണ്ട്, 10. മലേഷ്യ, 11. ഓർബിങ്കൽ, 12. ജെസിബി പുരസ്കാരം, 13. പിആർ ശ്രീജേഷ്, 14. സഞ്ജു സാംസൺ, 15. ഹേമന്ത് സോറൻ, 16. ജിദ്ദ (സൗദി അറേബ്യ), 17. 1920, 18. ആഡം സ്മിത്ത്, 19. ജയ് ഭട്ടചാര്യ, 20. 2024, 21. 51ാമത്, 22. സ്റ്റാർ വൺ, 23. എം.കെ സാനു, 24. ഉത്തരകൊറിയ, 25. ഈജിപ്ത്



# അകക്കണ്ണിലെ ആകാശ ക്കാഴ്ചകൾ

ഹാഫിള് അസ്‌ലം കാടാമ്പുഴ

**1882** ഫെബ്രുവരിയിലെ ഒരു രാത്രി. അലബാമയിലെ ഐവിഗ്രീൻ എസ്റ്റേറ്റ് ബംഗ്ലാവിൽ ഹെലൻ നിർത്താതെ കരയുകയാണ്. പിതാവ് ആർതറും അമ്മ ആദംസും ആശ്വസിപ്പിക്കാൻ ശ്രമിച്ചെങ്കിലും അവൾ കരച്ചിൽ നിർത്തുന്നില്ല. അവസാനമവർ ഹെലനെയും കൂട്ടി ഡോക്ടറെ സമീപിച്ചു. കുഞ്ഞിന് മസ്തിഷ്കജ്വരമാണെന്ന് ഡോക്ടർ പറഞ്ഞതോടെ അവർ തളർന്നു. അവർ രാവുംപകലും അവൾക്കുവേണ്ടി പ്രാർത്ഥിച്ചു. ഒടുവിൽ, എല്ലാവരെയും അതിശയിപ്പിച്ചുകൊണ്ട് അവൾ ആ രോഗത്തിൽ നിന്ന് മുക്തയായി. എന്നാൽ, ഹെലൻ പിന്നീട് കട്ടിലിൽ നിന്ന് എണീക്കാതായി.

ഒരു ദിവസം അവളെ കളിപ്പിക്കാൻ വേണ്ടി അമ്മ മുഖത്തിനു നേരെ ഒന്ന് കൈവീശി നോക്കി. പക്ഷേ, അവൾ കണ്ണുചിമ്മുന്നില്ല. അമ്മ അവളെ പൂന്തോട്ടത്തിലേക്ക് കൊണ്ടുപോയി. അവൾ പൂക്കളിലേക്ക് നോക്കുകയോ കിളികളുടെ ശബ്ദങ്ങൾക്ക് കാതോർക്കുകയോ ചെയ്തില്ല. കുഞ്ഞിന് കാഴ്ചയും കേൾവിയും നഷ്ടപ്പെട്ടിട്ടുണ്ടെന്ന് അപ്പോഴാണ് അമ്മ മനസ്സിലാക്കിയത്. പക്ഷേ, ആ അമ്മ തളർന്നില്ല. ഹെലനെ ഒരു പ്രതിഭയാക്കി മാറ്റാൻ അവർ പ്രതിജ്ഞയെടുത്തു.

അവളെ നന്നായി പഠിപ്പിക്കാൻ ഒരു അധ്യാപികയെ അന്വേഷിച്ചു. അങ്ങനെയാണ് 1887 മാർച്ച് മാസത്തിൽ ആനിസള്ളിവൻ എന്ന ഒരു അധ്യാപിക അവളെ പഠിപ്പിക്കാനെത്തിയത്. ഒരു പാവയുമായാണ് ആനി ഹെലന്റെയടുത്തെത്തിയത്. അവളുടെ വലതുകൈയിൽ



ആ പാവയെ കൊടുത്ത് ഇടതു കൈയിൽ ആനി 'ഡോൾ' എന്നെഴുതിക്കൊടുത്തു. അവൾ പുഞ്ചിരിയോടെ ആ പാവയുടെ മുകളിലൂടെ കയ്യോടിച്ചു. അഞ്ചുപതിറ്റാണ്ടോളം നീണ്ട അതുല്യമായ ഒരു ഗുരുശിഷ്യബന്ധത്തിന്റെ തുടക്കമായിരുന്നു അത്. പിന്നീട് ഹെലൻ കൂടുതൽ വാക്കുകൾ പഠിച്ചു തുടങ്ങി. ബ്രെയിലിലിപിയിൽ പ്രാവീണ്യം നേടി. വൈകാതെ സംസാരിക്കാനും തുടങ്ങി. ഇരുപത്തിനാലാം വയസ്സിൽ റാഡ്ക്ലിഫ് സർവകലാശാലയിൽ നിന്ന് ബിരുദം നേടിയ ഹെലൻ കാഴ്ചയും കേൾവിയുമില്ലാതെ ബിരുദം നേടുന്ന ആദ്യ വ്യക്തിയായി മാറി. 5 ഭാഷകളിൽ ഹെലൻ ഉന്നത വിദ്യാഭ്യാസം കരസ്ഥമാക്കിയിരുന്നു.




ശാരീരിക വെല്ലുവിളി നേരിടുന്ന ലോകത്തുടനീളമുള്ള മനുഷ്യർക്ക് ഹെലൻ വലിയ പ്രചോദനമായി മാറി. 'ദി സ്റ്റോറി ഓഫ് മൈ ലൈഫ്' (എന്റെ ജീവിതകഥ) എന്ന ഹെലന്റെ ആത്മകഥ ലോകപ്രസിദ്ധമായി. 12 പുസ്തകങ്ങളും നിരവധി ലേഖനങ്ങളും ഹെലൻ എഴുതി. തന്റെ കഴിവുകളിലെല്ലാം അധ്യാപികയുടെ സാന്നിധ്യമുണ്ടെന്ന് ഹെലൻ എപ്പോഴും എഴുതാറുണ്ടായിരുന്നു. ശാരീരികമായി വെല്ലുവിളി നേരിടുന്നവർക്കായി ഒരു അഭിഭാഷക എന്ന നിലയിൽ ജീവിതം മുഴുവൻ ഹെലൻ ചെലവഴിച്ചു. അന്ധർക്കും ബധിരർക്കും വേണ്ടി ഒരു സംഘടനയും രൂപീകരിച്ചു. 1968 ജൂൺ ഒന്നിന് ഹെലൻകെല്ലർ അന്തരിച്ചു. പ്രതിസന്ധികളെ ആത്മവിശ്വാസം കൊണ്ട് എങ്ങനെ നേരിടാമെന്നതിന്റെ ഉത്തമ ഉദാഹരണമാണ് ഹെലൻ കെല്ലർ.



മുഹമ്മദ് അദ്നാൻ

# ഗരീബ് നവാസ്
## ഖാജാ മുഈനുദ്ദീൻ ചിശ്തി(റ)

കൂട്ടുകാർ അജ്മീർ ഖാജാതങ്ങളെക്കുറിച്ച് കേട്ടിട്ടില്ലേ? സുൽത്വാനുൽ ഹിന്ദ് എന്ന അപരനാമത്തിൽ അറിയപ്പെടുന്ന മഹാന്റെ ജനനവും വഫാത്തും റജബ് മാസത്തിലായിരുന്നു. ഹിജ്റ 547 റജബ് മാസത്തിൽ ഇറാനിലെ സഞ്ചർ എന്ന ഗ്രാമത്തിലാണ് മഹാൻ ജനിച്ചത്. മഹാനവർകളുടെ ഉപ്പ സയ്യിദ് ഗിയാസുദ്ദീൻ എന്നവർ വലിയ പണ്ഡിതനും മതകാര്യ ഉപദേഷ്ടാവുമായിരുന്നു. ഉമ്മുൽ വറഅ് മാഹിൻനൂർ ബീവിയായിരുന്നു മഹാനവർകളുടെ ഉമ്മ.

ബാല്യകാലത്തുതന്നെ പാവപ്പെട്ടവരുടെ അത്താണിയായിരുന്നു ഖാജാ തങ്ങൾ. സുഖസമ്പന്നമായ ജീവിതത്തോട് ഒട്ടും താല്പര്യം പ്രകടിപ്പിക്കാതെ ആത്മീയഗുരുക്കളിൽ നിന്ന് സദുപദേശങ്ങൾ തേടി ജീവിച്ചു.

ആയിടക്കാണ് ഇറാനിൽ യുദ്ധം പൊട്ടിപ്പുറപ്പെട്ടത്. അതിജീവനത്തിനായി ഖാജാതങ്ങളുടെ കുടുംബം ഖുറാസാനിലെ നിഷാപൂരിലേക്ക് പലായനം ചെയ്തു. അവിടെ സ്ഥിരതാമസമാക്കി. ഏതാനും വർഷങ്ങൾ

കഴിഞ്ഞപ്പോൾ ഖാജാതങ്ങളുടെ മാതാപിതാക്കൾ ഇഹലോകവാസം വെടിഞ്ഞു. പതിനാലുവയസ്സായിരുന്നു അന്ന് ഖാജാതങ്ങളുടെ പ്രായം. ദൈനംദിന ചെലവുകൾക്കായി തങ്ങൾ പിതാവിന്റെ മുന്തിരിത്തോട്ടത്തിൽ ജോലി ചെയ്തു.

ആത്മീയമായ ഉന്നതി ആഗ്രഹിച്ച മഹാൻ തന്റെ ഏക വരുമാന മാർഗ്ഗമായ മുന്തിരിത്തോട്ടം വിറ്റ് നിഷാപൂരിൽ നിന്ന് യാത്രയാരംഭിച്ചു. ബഗ്ദാദ്, ഈജിപ്ത്, കൊർദോവ, തുർക്കി, സമർഖന്ദ് തുടങ്ങിയ വൈജ്ഞാനിക നഗരങ്ങൾ സന്ദർശിച്ചു. ഒടുവിൽ റഷ്യയിലെ ബുഖാറയിൽ ശൈഖ് ഹുസാമുദ്ദീനുൽബുഖാരി(റ)യുടെ ശിഷ്യത്വം സ്വീകരിച്ചു. അവിടെ വച്ച് വിശുദ്ധ ഖുർആൻ ഹൃദിസ്ഥമാക്കി. കർമശാസ്ത്രത്തിൽ അവഗാഹം നേടി. ഗുരുവിന്റെ അനുഗ്രഹത്തോടെ ഖാജാതങ്ങൾ യാത്ര തുടർന്നു.

പിന്നീട് ചിശ്തി ത്വരീഖത്തിന്റെ ശൈഖും ഖലീഫയുമായ ശൈഖ് ഉസ്മാൻ ഹാറൂനി(റ)യെ കണ്ടുമുട്ടി. അവിടുത്തെ ശിഷ്യത്വം സ്വീകരിച്ച് രണ്ട് പതിറ്റാണ്ടോളം ഗുരുവിന് സേവനം ചെയ്തു. അദ്ധ്യാത്മികതയുടെ ഉന്നതി കൈവരിച്ച ഖാജാ തങ്ങളെ ശൈഖ് ഉസ്മാൻ ഹാറൂനി(റ) ചിശ്തി ത്വരീഖത്തിന്റെ സമുന്നത നേതാവായി പ്രഖ്യാപിച്ചു. തലപ്പാവും സ്ഥാനവസ്ത്രവും നൽകി ആദരിച്ച് പ്രബോധന പ്രവർത്തനങ്ങൾക്കായി പറഞ്ഞയച്ചു.

ഹിജ്റ 588 ൽ നാല്പത് ശിഷ്യന്മാരോടൊപ്പം ഖാജാ തങ്ങൾ ഇന്ത്യയിലെ അജ്മീറിലെത്തി. രജപുത്ര രാജകുടുംബത്തിലെ പ്രധാനിയായ പൃഥ്വിരാജ് ചൗഹാനായിരുന്നു അന്ന് അജ്മീർ പ്രവിശ്യ ഭരിച്ചിരുന്നത്. എല്ലാവരെയും നിറപുഞ്ചിരിയോടെ സമീപിച്ച ഖാജാതങ്ങളെ ജനങ്ങൾ സ്വീകരിച്ചു. ആ മഹദ്ജീവിതം കണ്ട് നിരവധിപേർ ഇസ്‌ലാം സ്വീകരിച്ചു.

ഇന്ത്യയുടെ തലസ്ഥാനമായ ഡൽഹിയിലും ഖാജാ തങ്ങൾ ഇസ്‌ലാമിക പ്രബോധനം നടത്തിയിരുന്നു. പിന്നീട് ഡൽഹിയിലെ പ്രബോധന പ്രവർത്തനങ്ങൾ ശിഷ്യനും പണ്ഡിനുമായ ഖുതുബുദ്ദീൻ ബഖ്തിയാർ കാക്കി(റ)യെ ഏൽപ്പിച്ച് ഖാജാതങ്ങൾ അജ്മീറിലേക്ക് മടങ്ങി.

ലളിതമായ ജീവിതം നയിച്ച് പാവങ്ങളുടെ ആശാകേന്ദ്രമായി മാറിയ ഖാജാ തങ്ങൾ 'ഗരീബ് നവാസ്' എന്ന പേരിൽ അറിയപ്പെട്ടു. ഹിജ്റ 633 റജബ് മാസത്തിലായിരുന്നു ഖാജാ തങ്ങളുടെ വിയോഗം. ഇന്നും അവിടുത്തെ അനുഗ്രഹം തേടി രാജ്യത്തിനകത്തും പുറത്തുമുള്ള നിരവധി നേതാക്കളും ഭരണാധികാരികളും സാധാരണക്കാരും അജ്മീറിലെത്തുന്നു.


മിസ്റ്റർ
മണ്ടപ്പൻ
ഒരു സുപ്രഭാതം
അണ്ണേ, പത്രം ഇനിയും വന്നില്ലേ?
ശരിയാണല്ലോ. സമയം എട്ടു മണി കഴിഞ്ഞു.
എനിക്കാണെങ്കിൽ വാർത്തകൾ അറിഞ്ഞാലേ പ്രാതൽ വയറ്റിലിറങ്ങൂ...
എങ്കിൽ ടിവിയിൽ ചാനൽ തുറക്ക്' മച്ചൂ...
കറന്റ് ഇന്നലെ രാത്രി മുതൽ കട്ടാണ് അണ്ണേ.
ങ്ഹാ, ഞാനതു മറന്നു.



ഫോണിൽ യൂട്യൂബ് തുറന്നു നോക്കൂ...
ഫോണിൽ നെറ്റ് കോളും തീർന്നിട്ട് ദിവസം നാലായി.
വൈകാതെ ഇൻകമിംഗ്കോളും കട്ടാകും.
എന്നാൽ പിന്നെ പ്രാതൽ കഴിച്ചിട്ടാവാം വാർത്ത. വണ്ടിയെട് മച്ചൂ...
കഷ്ടം ടാങ്ക് കാലി!
പണി വരുമ്പോൾ തിര മാല പോലെ! എന്തോ ഒരു ശകുനമുണ്ട്.


എങ്കിൽ നടന്നു പോകാം. ഒരു മോണിംഗ് വാക്ക്!
അല്ലെങ്കിലും ജീവിതത്തിൽ ചില പ്രയാസങ്ങൾ നല്ലതാണ്.
ദേ, ഏമാന്മാരുടെ ജീപ്പാണല്ലോ ആ വരുന്നത്.
ഞാൻ അപ്പോഴേ പറഞ്ഞതാ, എന്തോ ശകുനമുണ്ടെന്ന്!
എന്തുപറ്റി അപ്പന്മാരേ?
ഒന്നും പറ്റിയിട്ടില്ല. ജസ്റ്റ് ഒരു പ്രഭാതസവാരി.


വണ്ടിയിൽ കയറിക്കോളൂ.
മച്ചൂ, ഇതൊരു മാതിരി പേടകമാണല്ലോ.
ജീപ്പിൽ,
അപ്പന്മാരറിഞ്ഞില്ലേ? പത്രമാധ്യമങ്ങളുടെ വാഹനം ഗുണ്ടകൾ തടഞ്ഞെന്ന്!
എങ്ങനെ അറിയാൻ! എല്ലാം ഓഫായിക്കിടക്കുകയല്ലേ?
ഇന്നലെ രാത്രി വൈദ്യുതി വിച്ഛേദിച്ചതും അവരാണെന്ന് സംശയമുണ്ട്.
അങ്ങനെയൊരു സംശയം എനിക്കും ഇല്ലാതില്ല.


ഒരു ചെങ്കുത്തായ കയറ്റം
ങ്ഹേ, കയറ്റം കയറുന്നില്ലല്ലോ!
എന്നാൽ ഇറങ്ങി തള്ളുക തന്നെ.
ഞങ്ങളുണ്ടായത് നിങ്ങളുടെ ഭാഗ്യം.
ഞാൻ കയറുമ്പോഴേ പറഞ്ഞതാ...
അതേസമയം തൊട്ടപ്പുറത്ത്,
നാം പെട്ടു! അപ്പന്മാരും ഏമാന്മാരും ഒരുമിച്ച് ഇറങ്ങിയിരിക്കുന്നു.
വേഗം കീഴടങ്ങുന്നതാണ് ബുദ്ധി.


ക്ഷീണിച്ചിരിക്കുന്ന അപ്പന്മാരുടെയും ഏമാന്മാരുടെയും മുമ്പിൽ ചെന്നായനും തല്ലിപ്പൊളിയും.
ഞങ്ങളെ ഒന്നും ചെയ്യരുതേ! പത്രക്കാരെ പിടിച്ചത് ഞങ്ങളാണേ!
ഹമ്പട! തേടിയ വള്ളി കാലിൽ ചുറ്റി.
പത്രക്കാരെ പൂട്ടിയത് എവിടെയാണെന്ന് പറയെടാ...
എല്ലാം പറയാമേ...
ആരാടാ രാത്രി വൈദ്യുതി ഓഫ് ചെയ്തത്?
ഞങ്ങൾ തന്നെയാണേ?
കാടിനുള്ളിൽ ബന്ധികളാക്കിയ പത്രക്കാരെയും വാഹനങ്ങളെയും അപ്പന്മാരും ഏമാൻമാരും ചേർന്ന് മോചിപ്പിക്കുന്നു.
നന്ദി, അപ്പന്മാരേ!
ചാനലുകളിൽ,
പത്രക്കാരെ കാടിനുള്ളിൽ ബന്ധികളാക്കിയ ഭീകരന്മാരെ അപ്പന്മാർ സാഹസികമായി പിടികൂടി.

# കുഞ്ഞിക്കിളിയുടെ ഊഞ്ഞാൽ

ഇസ്മാഈൽ പൂങ്ങോട്

ചക്കരമാവിന്റെ കൊമ്പത്തായിരുന്നു കുഞ്ഞിക്കിളിയുടെ കൂട്. ഒരു ദിവസം കുഞ്ഞിക്കിളിക്കൊരു പട്ടുനൂൽ കിട്ടി. അതുപയോഗിച്ച് ചക്കരമാവിന്റെ കൊമ്പത്ത് ഒരു ഊഞ്ഞാൽ കെട്ടി. ഒരു ദിവസം പാട്ടുപാടി ഊഞ്ഞാലാടുകയായിരുന്നു കുഞ്ഞിക്കിളി. അപ്പോഴാണ് തത്തമ്മ അതുവഴി വന്നത്. തത്ത കുഞ്ഞിക്കിളിയോട് ചോദിച്ചു: 'ഞാനും ആടിക്കോട്ടെ നിന്റെ ഊഞ്ഞാലിൽ?'

കുഞ്ഞിക്കിളി പറഞ്ഞു: 'അതിനെന്താ ആടിക്കോളൂ...'

അങ്ങനെ അവർ രണ്ടുപേരും മാറി മാറി ഊഞ്ഞാലാടി.

അപ്പോൾ അണ്ണാൻചേട്ടനും അവിടെയെത്തി കുഞ്ഞിക്കിളിയോട് ചോദിച്ചു: 'ഞാനും നിങ്ങൾക്കൊപ്പം ഊഞ്ഞാലാടിക്കോട്ടെ?'

കുഞ്ഞിക്കിളി പറഞ്ഞു: 'ആടിക്കോളൂ...'

താളത്തിൽ പാട്ടും പാടി ഊഞ്ഞാലാടുന്ന ഇവരെക്കണ്ട് ഗരുഢൻ പരുന്ത് പറന്നിറങ്ങി. 'ഈ ഊഞ്ഞാൽ തന്റെ കുട്ടിപ്പരുന്തുകൾക്ക് ഊഞ്ഞാലാടാൻ കൊണ്ടുപോയാലോ?' ഗരുഢൻ ചിന്തിച്ചു.

അവരോട് പറഞ്ഞു: 'ഈ ഊഞ്ഞാൽ എനിക്കു വേണം.'

പേടിയോടെ അവർ ചോദിച്ചു: 'ങ്ഹേ, അപ്പോൾ ഞങ്ങൾ എങ്ങനെ ഊഞ്ഞാലാടും?'

ഗരുഢൻ ദേഷ്യത്തോടെ പറഞ്ഞു: 'ഒന്നും പറയണ്ട. തന്നില്ലെങ്കിൽ മൂന്നെണ്ണത്തിനെയും ഞാൻ തട്ടിക്കളയും.'

അകലെ മരക്കൊമ്പിലിരുന്ന് ഇതെല്ലാം കാക്കച്ചിപ്പെണ്ണ് കാണുന്നുണ്ടായിരുന്നു. കാക്ക മരക്കമ്പ് പൊട്ടിച്ചെടുത്ത് ഗരുഢന്റെ തലയിലേക്കിട്ടു. ഗരുഢൻ വേദന കൊണ്ട് പുളഞ്ഞു മുകളിലേക്കു നോക്കി. അപ്പോൾ കാക്കച്ചി ഗൗരവത്തിൽ പറഞ്ഞു: 'അവരെ

ഉപദ്രവിക്കാതെ ദൂരെ പോ.’ പേടിച്ചുപോയ ഗരുഡൻ കരഞ്ഞുകൊണ്ട് പറന്നുപോയി.

അവർ കാക്കപ്പെണ്ണിന് നന്ദി പറഞ്ഞു. അവർക്കൊപ്പം ഊഞ്ഞാലാടാൻ ക്ഷണിച്ചു.



അപ്പോൾ കാക്കപ്പെണ്ണ് പറഞ്ഞു: ‘ഞാൻ കുഞ്ഞുങ്ങൾക്ക് തീറ്റ തേടിയിറങ്ങിയതാണ്, അപ്പോഴാണ് നിങ്ങളെ കണ്ടത്.’ അതുകേട്ട് കുഞ്ഞിക്കിളി കുറച്ച് പഴങ്ങൾ കാക്കപ്പെണ്ണിന് നൽകി. തത്തമ്മ അല്പം അരിമണിയും അണ്ണാൻചേട്ടൻ ഒരു മാമ്പഴവും നൽകി. കാക്കപ്പെണ്ണിന് സന്തോഷമായി. അവർക്ക് നന്ദി പറഞ്ഞ് കാക്കച്ചി കൂട്ടിലേക്ക് മടങ്ങി. അവർ സന്തോഷത്തോടെ വീണ്ടും ഊഞ്ഞാലാടി.

നോവൽ – 16

**മുജ്തബ നസ്വീഹ്**

# സമ്മാന പൊതി തുറന്നപ്പോൾ

അബൂട്ടി ഇരുകൈയും നീട്ടി ഉസ്താദിൽ നിന്നാ സമ്മാനം സ്വീകരിച്ചു. നല്ല വർണ്ണക്കടലാസു കൊണ്ടു പൊതിഞ്ഞ ഒരു ബോക്സ്. എന്തായിരിക്കാം ഈ സമ്മാനം? വിസ്മയത്തോടെ അതിലേക്ക് നോക്കി നിന്നു. അപ്പോൾ റഹീമുസ്താദ് പറഞ്ഞു: 'ഷർട്ടും പാന്റ്സുമാണതിൽ. ഇനി ഇതിട്ടോണ്ടാവണം അബൂട്ടി ദർസിൽ വരുന്നത്.'

ഉസ്താദങ്ങനെ പറഞ്ഞപ്പോൾ അബൂട്ടി തന്റെ ശരീരത്തിലേക്കൊന്നു കണ്ണയച്ചു പോയി. മുഷിഞ്ഞു പിഞ്ഞിത്തുടങ്ങിയ കുപ്പായമാണിട്ടിരിക്കുന്നത്. പണ്ടേ അതിന് തവിട്ടു നിറ




മായതുകൊണ്ട് അഴുക്കുപുരണ്ടാലറിയില്ല. ഉടുത്ത തുണിയുടെ കാര്യമാണ് കഷ്ടം. പണ്ടതിന്റെ നിറം വെളുപ്പായിരുന്നു. ഇപ്പോൾ ചെമ്മണ്ണു നിറവും. കഴിഞ്ഞ ദിവസവും തോട്ടിൽ കൊണ്ടുപോയി കല്ലിലിട്ടടിച്ചു അലക്കിയതാണ്. എന്നിട്ടും നിറം വെച്ചിട്ടില്ല. ഉസ്താദുമാരുടെയും കുട്ടികളുടെയുമൊക്കെ പളപളാ മിന്നുന്ന വെളുത്ത ഉടുപ്പുകൾ കാണുമ്പോൾ അവനു വല്ലാത്ത നാണം തോന്നും. അവരുടെയിടയിലാണല്ലോ താനും നിൽക്കുന്നതും ഇരിക്കുന്നതും. ചില കുട്ടികൾ അവന്റെയടുത്തു നിൽക്കാനും ഇരിക്കാനുമൊക്കെ മടി കാണിക്കാറുമുണ്ട്. നിസ്കാരത്തിനു നിൽക്കുമ്പോൾ ചിലർ മാറിപ്പോകുന്നതു കാണുമ്പോൾ അവനു സങ്കടം വരാറുണ്ട്; തന്റെ ഉടുപ്പ് മോശമായതു

കൊണ്ടല്ലേ അവർ മാറിപ്പോകുന്നത് എന്നോർത്ത്.

അതൊക്കെ മനസ്സിലാക്കിയാണോ ഉസ്താദുമാർ തനിക്ക് ഷർട്ടും പാന്റ്സും സമ്മാനമായി തന്നത്? ഏതായാലും തരക്കേടില്ല. ഇനിയീ മുഷിഞ്ഞ ഷർട്ടും തുണിയുമിട്ട് ദർസിൽ വരേണ്ടല്ലോ.

ഉള്ളിലുണ്ടായ ആശ്വാസവും സന്തോഷവും അബൂട്ടിയുടെ ചുണ്ടിലൂടെ പ്രകാശിതമായി. അതു കണ്ട് ഉസ്താദുമാരുടെ മനവും കുളിർത്തു കാണും. വല്യുസ്താദ് ദുആ ചെയ്തു: 'അല്ലാഹു ബറകത്ത് ചെയ്യട്ടേ.' അബൂട്ടിയും ഉസ്താദുമാരും ഒന്നിച്ച് ആമീൻ പറഞ്ഞു.

പൊതിയഴിച്ചു നോക്കാൻ വല്ലാത്ത കൊതിയുണ്ട്. എല്ലാവരുടെയും മുമ്പിൽവെച്ച് അങ്ങനെ



ചെയ്യാൻ നാണവും. 'അഴി ച്ചു നോക്കേണ്ടേ' എന്ന് കരീ മുസ്താദ് ചോദിച്ചപ്പോൾ അവൻ മെല്ലെ പറഞ്ഞു: 'വീ ട്ടിൽ പോയിട്ട്....'

അപ്പോൾ വല്യുസ്താ ദ് പറഞ്ഞു: 'അതാ നല്ലത്. ഇപ്പോ സമയം കളയണ്ട ല്ലോ. മോൻ കിതാബെടു ത്തു വാ.' ദർസിന്റെ സമയം നഷ്ടമാകുന്നത് ഉസ്താദി നൊട്ടും ഇഷ്ടമായിരുന്നില്ല.

അബൂട്ടി സമ്മാന പ്പൊതി ഒരരുകിൽ വെച്ച് കിതാബെടുത്ത് ഉസ്താ ദിനു മുമ്പിൽ വന്നിരുന്നു. കഴിഞ്ഞദിവസം എടുത്ത പാഠഭാഗത്തുനിന്ന് ഉസ്താ ദ് ചോദ്യങ്ങൾ ചോദിച്ചു. അബൂട്ടി അതിനെല്ലാം വ്യ ക്തമായ ഉത്തരം നൽകി. അപ്പോൾ അല്പമകലെ എല്ലാം ശ്രദ്ധിച്ചു കൊണ്ടി രുന്ന കരീമുസ്താദിന്റെ യും റഹീമുസ്താദിന്റെയും നേരെ നോക്കി വല്യുസ് താദ് പുഞ്ചിരിച്ചു. അതു കണ്ടപ്പോൾ അബൂട്ടിക്കേറെ സന്തോഷമായി.

ദർസ് വിട്ടു പോകു മ്പോൾ കുട്ടികൾ ചുറ്റും കൂടി. അവർക്കറിയണം വർ ണ്ണക്കടലാസിൽ പൊതിഞ്ഞ ബോക്സിലെന്താണെന്ന്. സമ്മാനമാണെന്ന് പറഞ്ഞ പ്പോൾ, എന്തു സമ്മാനം, എന്തിനുള്ള സമ്മാനം എന്നൊക്കെ പല ചോദ്യ ങ്ങൾ. അബൂട്ടിക്കതിനൊന്നി നും ഉത്തരം പറയാനറിയി ല്ലല്ലോ.

ഒരു കുട്ടി അവന്റെ കൈയിലെ പൊതി തട്ടിപ്പറി ച്ച് തുറന്നു നോക്കാൻ ശ്രമി ച്ചു. അപ്പോഴവനത് പിടിച്ചു വാങ്ങി മാറോടടുക്കിപ്പിടിച്ചു പറഞ്ഞു: 'സമ്മാനമെന്താ ണെന്ന് നാളെ കാണിച്ചുത രാം ട്ടോ.'

പിന്നെയും കുട്ടികൾ പിന്നാലെ കൂടിയപ്പോൾ വലിയൊരു കുട്ടി ഇടപെട്ടു: 'വിട്ടേക്കെടോ. അവൻ നല്ല കുട്ട്യാ. സമ്മാനം ഉപ്പയെയും ഉമ്മയെയും കാണിച്ചിട്ടേ നിങ്ങളെയൊക്കെ കാണി ക്കൂ. അല്ലേ അബൂബക്റേ?'

ഉപ്പയെയും ഉമ്മയെ യും.....! അതു കേട്ടപ്പോൾ അബൂട്ടിയുടെ മനസ്സ് പിട ച്ചു. അങ്ങകലെ ഖബറിൽ കിടക്കുകയാണ് പ്രിയപ്പെട്ട ഉപ്പ. ഉപ്പ കാണുന്നുണ്ടോ ഇതൊക്കെ? അബൂട്ടിമോനു കിട്ടിയ സമ്മാനം കാണാൻ ഇന്നുപ്പ വരുമോ?

ഉമ്മയറിയുന്നുണ്ടോ ഈ അബൂട്ടിമോന്റെ അവ

സ്ഥകൾ? ഉമ്മയിപ്പോൾ
അനിയത്തിയെ താലോലി
ച്ച് കിടക്ക്വായിരിക്കുമല്ലോ.
ഉമ്മയെന്നാണിനി ഇങ്ങോ
ട്ടൊക്കെ വരുക?

മനസ്സ് സങ്കടം കൊ
ണ്ടു നിറഞ്ഞു. കണ്ണുകൾ
അറിയാതെ നിറഞ്ഞു തു
ളുമ്പി. ഏറെ നിയന്ത്രിച്ചെ
ങ്കിലും വിതുമ്പിപ്പോയി.
അപ്പോൾ ഒരു കുട്ടി പറയു
ന്നതു കേട്ടു: 'എടോ, ഓൻ
കരയ്ണ്.'

ഒന്നു രണ്ടു പേർ
വന്നു തോളത്തു കയ്യി
ട്ടു സമാധാനിപ്പിക്കാൻ
ശ്രമിച്ചു: 'സാരല്ലെടോ,
ഞങ്ങളന്നെ ഒന്നും
ചെയ്തിട്ടില്ലല്ലോ.
നിനക്കിഷ്ടപ്പെട്ടി
ല്ലെങ്കില് സമ്മാനം
ഞങ്ങളെ കാണിക്ക



ണ്ടാട്ടോ. നീ വീട്ടിൽ കൊ
ണ്ടുപോയി ഉപ്പാനേം ഉമ്മാ
നേം കാണിച്ചിട്ടു മതി.'

'എടോ, ഓന്റെ ഉപ്പ

മരിച്ചു പോയതാ.'

അപ്പോൾ മറ്റൊരു കുട്ടി പറയുന്നതു കേട്ട് അബൂട്ടി വിങ്ങിവിങ്ങിക്കരഞ്ഞു.

കണ്ണുനീർ തുടച്ച് മുഖം കഴുകിയാണ് അബൂട്ടി വീട്ടിലേക്ക് കയറിയത്. അപ്പോൾ അവന്റെ മനസ്സിൽ മറ്റു ചില ചിന്തകളായിരുന്നു: 'സമ്മാനപ്പൊതി കണ്ടാൽ മാമി ചോദിക്കും, മാമൻ ചോദിക്കും. എന്താണ് പറയുക? എന്തുപറഞ്ഞാലും അവരത് വിശ്വസിച്ചെന്നു വരില്ല. ചീത്ത പറഞ്ഞേക്കുമോ?

ഭാഗ്യം! വരാന്തയിലാരുമില്ല. അബൂട്ടി നേരെ അകത്തു കയറി സമ്മാനം താൻ കിടക്കുന്ന മുറിയിൽ കൊണ്ടു വച്ചു. ഇനി അതൊന്നു തുറന്നു നോക്കണമല്ലോ. മനസ്സ് തിടുക്കം കൂട്ടുന്നു.

അവൻ പുറത്തു കടന്ന് ആകെയൊന്നു വീക്ഷിച്ചു. മാമനെത്തിയിട്ടില്ല. മാമന്റെ മക്കളൊക്കെ പഠനത്തിലാണ്. മാമി അടുക്കളയിലാണ്. അവൻ താൻ വന്നതൊന്നറിയിക്കും മട്ടിൽ ചുമച്ച് മുറിയിലേക്ക് നടന്നു. സമ്മാനപ്പൊതിയഴിച്ചു.

ഒന്നല്ല, രണ്ടു ഷർട്ടും പാന്റ്സും! മാമന്റെ മക്കളൊക്കെ ഇടുന്ന തരം മുന്തിയതാണവയെന്ന് അവന് തോന്നി.

ഇഷ്ടപ്പെട്ട നിറങ്ങളിലുള്ള പാന്റ്സും ഷർട്ടും തന്നെ. സന്തോഷത്താൽ അവന്റെ കണ്ണുകൾ നിറഞ്ഞു.

ഇനിയിതൊന്നു ഇട്ടു നോക്കണമല്ലോ, പറ്റുമോ എന്നറിയാൻ! അബൂട്ടി മെല്ലെ വാതിൽ ചാരി ഉടുത്ത വസ്ത്രങ്ങളഴിച്ച് പുതിയവ ധരിച്ചു നോക്കി. കൊള്ളാം, പാകത്തിനുള്ള ഷർട്ടും പാന്റ്സും തന്നെ! ഉസ്താദുമാർ എങ്ങനെ എന്റെ അളവ് ഇത്രയും കൃത്യമായറിഞ്ഞു?

അവൻ മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും മൂന്ന് നാല് പ്രാവശ്യം നടന്നു നോക്കി.

അപ്പോഴാണ് വാതിൽക്കൽ നിന്നൊരു അട്ടഹാസം: 'എന്താടാ നിനക്കിവിടെ പണി? എവിടുന്നു കിട്ടിയതാടാ ഇതൊക്കെ? കട്ടോണ്ടു വന്നതാണോ? പടച്ചോനേ, ഈ ബലാല് കക്കാനും തുടങ്ങിയോ?'

(തുടരും)

## പൂച്ചകളുടെ ഭാഷയറിയാം

**വീ**ട്ടിൽ വളർത്തുന്ന ജീവികളുടെ ഭാഷയറിഞ്ഞിരുന്നെങ്കിൽ നന്നായിരുന്നെന്ന് ചിന്തിക്കാറില്ലേ? വിഷമിക്കേണ്ട. സാങ്കേതികവിദ്യ അതിനും സംവിധാനങ്ങളൊരുക്കിയിരിക്കുന്നു. പൂച്ചകളുടെ ശബ്ദം റെക്കോഡ് ചെയ്ത് അവ എന്താണ് പറഞ്ഞതെന്ന് വ്യക്തമാക്കുന്ന ആപ്ലിക്കേഷനാണ് 'മ്യാവൂടോക്ക്'.



വാഷിങ്ടണിൽ പ്രവർത്തിക്കുന്ന ഒരു സോഫ്റ്റ്‌വെയർ കമ്പനിയിലെ കംപ്യൂട്ടർ സയന്റിസ്റ്റുകളാണ് ആപ്പ് നിർമിച്ചത്. 'എനിക്ക് വിശക്കുന്നു', 'എനിക്ക് വേദനിക്കുന്നു' എന്നിങ്ങനെ പൂച്ചയുടെ ശബ്ദം ചെറുവാക്യങ്ങളായി വിവർത്തനം ചെയ്യുന്നതാണ് ആപ്പ്.

## വരുന്നു, എ.ഐ പെറ്റുകൾ

**വെ**ള്ളിനിറമുള്ള മൃദുരോമങ്ങളും കുന്നിക്കുരുവോളം വലുപ്പമുള്ള കണ്ണുകളും. കൂടെയുള്ളവരോട് സംസാരിച്ചും അവരുടെ മാനസികാവസ്ഥക്കനുസരിച്ച് ചലിച്ചും രസിപ്പിക്കുന്ന ഒരു കുഞ്ഞു ചങ്ങാതി. കൈവെള്ളയിലൊതുങ്ങുന്ന 'മോഫ്ലിൻ' എന്ന എ.ഐ പെറ്റ് റോബോട്ട് ജപ്പാനിൽ പുതിയ തരംഗമാവുകയാണ്.



# പ്രത്യുപകാരം



കാട്ടിലൂടെ കായ്കനികളന്വേഷിച്ച് നടക്കുകയായിരുന്നു ദാമയ്യൻ
ങേ! ഒരു ആനയല്ലേ ഇത്?
ഇതിനെന്തോ, അപകടം പറ്റിയിട്ടുണ്ടെന്ന് തോന്നുന്നു.
ഹോ, ഇതിന്റെ കാലിൽ എന്തോ തറച്ചിട്ടുണ്ടല്ലോ.
ദാമയ്യൻ ആനയെ പതിയെ തലോടി
ഈ മരക്കുറ്റി തറച്ചതാണ് പ്രശ്നം. പാവം, നീരു വന്ന് നടക്കാൻ വയ്യാതെ വിഷമിച്ചിരിക്കുകയാണ്.


ദാമയ്യൻ ആനയുടെ കാലിൽ നിന്ന് മരക്കുറ്റി പറിച്ചെടുത്തു.
ഈ ഔഷധസസ്യ ങ്ങൾ വേഗത്തിൽ മുറിവുണങ്ങാൻ സഹായിക്കും.
വീട്ടിൽ പോയി ഒരു പാത്രവുമായി വരാം.
ദാമയ്യൻ പാത്രവുമായി തിരിച്ചെത്തി.
ആ കുളത്തിൽ നിന്ന് അല്പം വെള്ളം പാ ത്രത്തിൽ കോരി ആ നക്ക് നൽകാം.


ഇനി അല്പം പനമ്പട്ട കിട്ടുമോ എന്ന് നോക്കാം.
ഇനി രണ്ടുമൂന്നു ദിവസം കൊണ്ട് മുറിവ് സുഖപ്പെടും.
കാലങ്ങൾ കടന്നുപോയി. മഴക്കാലം വന്നു.
ഹയ്യോ, വീട് മൊത്തം ചോരുന്നല്ലോ.
ഇനി നാം എന്ത് ചെയ്യും?
നല്ല ഓലയും മരക്കമ്പുകളും കൊണ്ടുവന്ന് മേൽക്കൂര മേയണം.
അതിന് കാട്ടിൽ പോകേണ്ടേ?


അതേ. മഴ കാരണം പുറത്തിറങ്ങാൻ പോലും പറ്റുന്നില്ല.
അടുത്ത ദിവസം ദാമയ്യനും ഭാര്യയും വീടിനു പുറത്തെത്തിയപ്പോൾ
ങേ! ഈ മരക്കമ്പുകളും ഓലയും ആരാണിവിടെ കൊണ്ടുവന്നിട്ടത്?
ദാ, നിങ്ങൾ മുമ്പ് രക്ഷപ്പെടുത്തിയ ആനയല്ലേ ആ പോകുന്നത്?
ശരിയാണല്ലോ... നന്മക്ക് പ്രതിഫലം നന്മ തന്നെ!



സമസ്ത ചരിത്രം - 15

# പാറന്നൂർ പി.പി മുഹ്‌യുദ്ദീൻ കുട്ടി മുസ്‌ലിയാർ

എ.പിയും പി.പിയും എന്നാണ് പറയാറ്. എ.പിയെന്നാൽ സുൽത്വാനുൽ ഉലമ എ.പി അബൂബക്ർ മുസ്‌ലിയാർ. പി.പിയെന്നാൽ പി. പി മുഹ്‌യിദ്ദീൻ കുട്ടി മുസ്‌ലിയാർ, പാറന്നൂർ. നമ്മുടെ സുന്നി സംഘടനകൾ കടുത്ത വെല്ലുവിളികൾ നേരിട്ട കാലത്ത് സുന്നത്ത് ജമാഅത്തിന്റെ സംരക്ഷണത്തിൽ മുഖ്യപങ്ക് വഹിച്ച വലിയ നേതാക്കളാണിരുവരും. കൂട്ടുകാർക്കറിയുമോ, നമ്മുടെ സംഘടനകളെ ഒരു യോഗം പോലും നടത്താൻ അനുവദിക്കാത്ത കാലമുണ്ടായിരുന്നു കേരളത്തിൽ. കല്ലെറിഞ്ഞും കൂക്കി വിളിച്ചും സ്റ്റേജ് പൊളിച്ചും പോലീസിനെ കൊണ്ടുവന്നു തടഞ്ഞും തകർക്കാൻ ശ്രമിച്ചിരുന്ന കാലം. അന്നു നാടുതോറും ഓടിനടന്ന് പി.പി ഉസ്താദ് യോഗങ്ങൾ സംഘടിപ്പിച്ചു. ഗംഭീരമായ പ്രഭാഷണങ്ങൾ നടത്തി. ഉസ്താദിന്റെ പ്രഭാഷണം നമുക്കെതിരെയുള്ള ഓരോ ആരോപണത്തിനും അക്കമിട്ട മറുപടിയായിരിക്കും. സുന്നത്ത് ജമാഅത്തിന്റെ ആശയങ്ങളുടെ സമർത്ഥനമായിരിക്കും.

എതിരാളികളുടെ പൊള്ള ത്തരങ്ങൾ തുറന്നുകാട്ടുന്ന തായിരിക്കും. നേതാവായി ചമഞ്ഞു നടക്കുന്നവരുടെ തൊലിയുരിഞ്ഞുകാട്ടുന്ന വാക്കുകളായിരിക്കും. എതിരാളികൾ അത് കേൾക്കുമ്പോൾ വിറളി പിടിക്കും. അവർ തടയാൻ ശ്രമിക്കും. ഉസ്താദുണ്ടോ തോറ്റുകൊടുക്കുന്നു! ഒന്നിനൊന്ന് കരുത്തോടെ പിന്നെയും പ്രസംഗം തുടരും.

രസകരമായിരുന്നു പി.പി ഉസ്താദിന്റെ പ്രസംഗം. മുട്ടിനുമുട്ടിന് ഉപമകളും പഴഞ്ചൊല്ലുകളും നർമ്മകഥകളും തമാശകളുമൊക്കെ ആ നാവിൽ നിന്ന് ഒഴുകിയിറങ്ങിക്കൊണ്ടിരിക്കും. ശ്രോദ്ധാക്കൾ ആർത്തു ചിരിക്കും. അതോടൊപ്പം അവരുടെ ചിന്തയുണരുകയും ചെയ്യും. ആ പ്രസംഗം കേട്ട് തിരിച്ചു പോകുന്ന സുന്നത്ത് ജമാഅത്ത് വിശ്വാസികളൊക്കെ സംതൃപ്തരായിരിക്കും. എവിടെയെങ്കിലും പി. പി ഉസ്താദ് പ്രസംഗിക്കുന്നുണ്ടെന്ന് കേട്ടാൽ ജനം അങ്ങോട്ട് ഒഴുകിയെത്തുമായിരുന്നു.

പ്രസംഗം മാത്രമല്ല, എഴുത്തും പ്രവർത്തനവുമൊക്കെ പ്രത്യേക ശൈലിയിലായിരുന്നു. സംഘടനാ രംഗത്ത് പ്രശ്നങ്ങളുണ്ടാകുമ്പോഴൊക്കെ ജനങ്ങൾ പി.പിയുടെ എഴുത്തിനായി കാത്തിരിക്കും. അത് പ്രസിദ്ധീകരിച്ചു വന്നാൽ പിന്നെ എല്ലാവർക്കും സന്തോഷമാകും. പ്രവർത്തനവും അങ്ങനെത്തന്നെ. പ്രാദേശിക തലത്തിൽ പ്രവർത്തിച്ചു തുടങ്ങിയതാണ്. പിന്നെ പഞ്ചായത്ത് തലത്തിലും താലൂക്ക് തലത്തിലും ജില്ലാതലത്തിലും സംസ്ഥാനത





# കൊഞ്ചിച്ചിരി

പിച്ചകവല്ലിപ്പടർപ്പിൽ
കൊച്ചുകുരുവി ചിലച്ചു.
പഞ്ചാരമാവിന്റെ കൊമ്പിൽ
ചാഞ്ചാടുമണ്ണാൻ കരഞ്ഞു
പുഞ്ചകപ്പാടത്തു നിന്നും
പഞ്ചവർണ്ണക്കിളി വന്നു.
കൊച്ചരിപ്പല്ലുകൾ കാട്ടി
കൊച്ചുമോൾ കൊഞ്ചിച്ചിരിച്ചു.



**ആനപ്പുഴയ്ക്കൽ അനിൽ**

ലത്തിലും നേതാവായി. വലിയ നേതാവായിരിക്കുമ്പോൾ പ്രാദേശിക തലത്തിൽ സാധാരണ പ്രവർത്തകരെപ്പോലെ അദ്ദേഹം പ്രവർത്തിച്ചിരുന്നു. മറ്റുള്ളവരെ പ്രവർത്തിക്കാൻ പ്രേരിപ്പിച്ചിരുന്നു.

ആദർശകാര്യത്തിൽ കർക്കശ നിലപാടായിരുന്നു ഉസ്താദിന്. ആരോടും ഇക്കാര്യത്തിൽ വിട്ടുവീഴ്ചക്ക് തയ്യാറായിരുന്നില്ല. തനിക്കു ശരിയാണെന്ന് ബോധ്യപ്പെട്ട കാര്യം ആരുടെ മുമ്പിലും തുറന്നു പറയും. വിമർശിക്കേണ്ടവരെ മുഖത്തുനോക്കിത്തന്നെ വിമർശിക്കും. കയ്യാങ്കളിക്ക് വരുന്നവരോട് അതേ ശൈലിയിൽ പ്രതികരിക്കും. ഒന്നിനും ഒട്ടും പേടിയുണ്ടായിരുന്നില്ല.

മഹാപണ്ഡിതൻ തന്നെയായിരുന്നു പി.പി ഉസ്താദ്. 1947ലാണ് ജനനം. പള്ളിദർസുകളിലെ പഠനത്തിനുശേഷം പട്ടിക്കാട് ജാമിഅ നൂരിയ്യയിൽ ചേർന്ന് ഫൈസി ബിരുദം നേടി. മുദരിസായി സേവനം തുടങ്ങി. അതിനിടെ ഉറുദു അധ്യാപക പരീക്ഷയെഴുതി. ഗവ. സ്‌കൂളിൽ അധ്യാപകനായി. ഏതാനും വർഷം ജോലി ചെയ്തപ്പോൾ ഉസ്താദിന് തോന്നി; ഇത് തനിക്ക് പറ്റിയ പണിയല്ലെന്ന്. പിന്നെ താമസിച്ചില്ല, ഗവ.ജോലി രാജിവച്ച് മുദരിസും സംഘടനാ പ്രവർത്തകനുമായി രംഗത്തിറങ്ങി. സുന്നി യുവജന സംഘത്തിലാണ് ആദ്യകാല പ്രവർത്തനം. അന്ന് എസ്.എസ്.എഫ് ഉണ്ടായിരുന്നില്ല. അങ്ങനെയൊരു സംഘടനയുടെ രൂപീകരണത്തിനായി അദ്ദേഹം ആദ്യകാലത്തേ ശ്രമിച്ചിരുന്നു. 1980 ൽ സുന്നി യുവജന സംഘത്തിന്റെ സംസ്ഥാന സെക്രട്ടറിയായി.

നമ്മുടെ പ്രസിദ്ധീകരണങ്ങളായ സിറാജിന്റെയും സുന്നത്ത് മാസികയുടെയും കുസുമം മാസികയുടെയും പ്രസിദ്ധീകരണത്തിനായി മുൻകൈയ്യെടുത്തു പ്രവർത്തിച്ച ദീർഘദർശിയാണ് പി.പി ഉസ്താദ്. സംഘടന ഒരു തീരുമാനമെടുത്താൽ അത് നടപ്പിൽ വരുത്താൻ അരയും തലയും മുറുക്കി രംഗത്തിറങ്ങും. മറ്റുള്ളവർക്ക് ധൈര്യം നൽകും. അങ്ങനെയാണ് സംഘടനയുടെ ഓഫീസും പത്രങ്ങളുമൊക്കെ സാധ്യമായത്.

മർകസിന്റെ തുടക്കത്തിൽ എ.പി ഉസ്താദിനൊപ്പം പി.പി ഉസ്താദുമുണ്ടായിരുന്നു. മർകസിലെ ആദ്യത്തെ മുദരിസാണദ്ദേഹം. ആയിരക്കണക്കിന് ശിഷ്യന്മാരുണ്ട് ഉസ്താദിന്. പുതിയ പുതിയ ആശയങ്ങൾ ആസൂത്രണം ചെയ്യുന്നതിലും പ്രാവർത്തികമാക്കുന്നതിലും ആ പണ്ഡിതന്റെ കഴിവ് ഒന്നു വേറെത്തന്നെയായിരുന്നു. പി.പി ഉണ്ടായിരുന്നില്ലെങ്കിൽ എസ്.വൈ.എസ് ഇന്ന് നമ്മോടൊപ്പം ഉണ്ടാകുമായിരുന്നില്ല എന്നാണ് ഉസ്താദിനെപ്പറ്റി എം.എ ഉസ്താദ് പറഞ്ഞത്. മഹാനായ ആ പണ്ഡിതൻ 2012 ൽ ഈ ലോകത്തോട് വിട പറഞ്ഞു. പാറന്നൂർ മഹല്ല് ഖബർസ്ഥാനിൽ അന്ത്യവിശ്രമം കൊള്ളുന്നു.



ജനുവരി 20
പെൻഗ്വിൻ അവബോധദിനം

# പെൻഗ്വിൻ വിശേഷങ്ങൾ

സിയാദ് വാഴയൂർ

- **പ**റക്കാൻ കഴിയാത്ത ഒരിനം കടൽപക്ഷിയാണ് പെൻഗ്വിൻ. സ്ഫെനിസിഡെ എന്നാണ് ശാസ്ത്രനാമം. ലോകത്ത് 18 തരത്തിലുള്ള പെൻഗ്വിനുകൾ ഉണ്ടെന്നാണ് കണക്ക്.

- ദക്ഷിണാർദ്ധ ഗോളത്തിലെ ധ്രുവപ്രദേശങ്ങളിലാണ് ഒട്ടുമിക്ക പെൻഗ്വിനുകളും കഴിയുന്നത്. അപൂർവം ചിലത് ചൂടേറിയ കാലാവസ്ഥയിലും ജീവിക്കാറുണ്ട്.

- കറുത്ത പുറംഭാഗവും വെളുത്ത ഉദരഭാഗവുമാണ് മിക്ക പെൻഗ്വിനുകളുടെയും ശരീരപ്രകൃതി. ശത്രുക്കളിൽ നിന്ന് രക്ഷ നേടാൻ ഈ പ്രത്യേക നിറം ഇവയ്ക്ക് ഏറെ സഹായകമാണ്.

➢ പറക്കാൻ കഴിയില്ലെങ്കിലും മികച്ച നീന്തൽക്കാരാണ് പെൻഗ്വിനുകൾ. ഒതുങ്ങിയ ശരീരവും ഫ്ലിപ്പറുകളും മണിക്കൂറിൽ 15 മൈൽ വേഗതയിൽ വരെ നീന്താൻ ഇവരെ സഹായിക്കുന്നു.

➢ ചെറുമത്സ്യങ്ങൾ, ഞണ്ടുകൾ, കൊഞ്ചുകൾ എന്നിവയാണ് പെൻഗ്വിനുകളുടെ മുഖ്യാഹാരം.

➢ വലിയ പെൻഗ്വിനുകൾക്ക് ഏകദേശം 40 കി.ഗ്രാം ഭാരവും 4 അടി ഉയരവുമുണ്ടാവും. ഒരടി മാത്രം ഉയരമുള്ള കുഞ്ഞന്മാരുമുണ്ട്.

➢ 15 മുതൽ 20 വർഷം വരെയാണ് പെൻഗ്വിനുകളുടെ ശരാശരി ആയുസ്സ്.

➢ പെൻഗ്വിനുകൾ മുട്ടയിടുന്നതും കുഞ്ഞുങ്ങളെ വളർത്തുന്നതും കരയിലാണ്. അമ്മയും അച്ഛനും മാറിമാറിയാണ് മുട്ടകൾക്ക് അടയിരിക്കുക.

➢ മുട്ട വിരിഞ്ഞിറങ്ങുന്ന കുഞ്ഞുങ്ങൾ ആദ്യദിനം മുതൽ തന്നെ ചെറുമത്സ്യങ്ങളെ തിന്നുതുടങ്ങും.

➢ വൻതോതിൽ വംശനാശഭീഷണി നേരിടുന്ന ജീവികളുടെ പട്ടികയിലാണ് മിക്കയിനം പെൻഗ്വിനുകളും.





## വഴി കാണിക്കാമോ?

കുഞ്ഞിമോന്
സ്കൂളിൽ നിന്ന്
വീട്ടിലെത്താൻ
വഴി കാണിക്കാമോ?

## എണ്ണമെഴുതാം

പൂക്കളുടെ എണ്ണം
വൃത്തത്തിനുള്ളിൽ എഴുതിക്കോളൂ...




## വരക്കാൻ പഠിക്കാം



## വ്യത്യാസങ്ങൾ കണ്ടെത്തൂ...

താഴെയുള്ള ചിത്രങ്ങൾ തമ്മിൽ 5 വ്യത്യാസങ്ങളുണ്ട്. കണ്ടെത്താമോ?



## തരംതിരിക്കാമോ?

താഴെ കൊടുത്തിരിക്കുന്ന ജീവികളെ വെള്ളത്തിൽ മാത്രം ജീവിക്കുന്നവ, കരയിൽ മാത്രം ജീവിക്കുന്നവ, വെള്ളത്തിലും കരയിലും ജീവിക്കുന്നവ എന്നിങ്ങനെ തരംതിരിക്കാമോ?



# English Corner

Story Line

## Think before act

Crow and Coel were good friends. One day, Crow happened to fly over a crooked tree. Then she thought, 'I will make a beautiful nest in a branch of this tree.'

Crow began to build the nest. Then, Coel advised: 'Don't make a nest there. That crooked tree will be cut down soon.'

Crow didn't listen to it. Soon, she completed the nest proudly. Unfortunately, the very next day, the tree was



## പ്രവർത്തിക്കുന്നതിനു മുമ്പ് ചിന്തിക്കുക

കാക്കയും കുയിലും നല്ല സുഹൃത്തുക്കളായിരുന്നു. ഒരു ദിവസം, കാക്ക ചാഞ്ഞുനിൽക്കുന്ന ഒരു മരത്തിനു മുകളിലൂടെ പറന്നുപോകാനിടയായി. 'ഈ മരത്തിന്റെ ചില്ലയിൽ മനോഹരമായൊരു കൂടുണ്ടാക്കണം.' കാക്ക ചിന്തിച്ചു.

അങ്ങനെ കാക്ക കൂടുണ്ടാക്കാൻ തുടങ്ങി. അപ്പോൾ കുയിൽ കാക്കയെ ഉപദേശിച്ചു: 'ആ മരത്തിൽ കൂടുണ്ടാക്കരുത്. ആ ചാ

cut down. Crow was left homeless and spent a sleepless night.

Next morning, Coel visited the site and found Crow tired and distressed. 'Didn't I have told you not to build in that crooked tree?' Coel said.

'You must think before you act. Remember, wise decisions come from careful consideration.'

**Salam Thirumala**



ഞ്ഞുനിൽക്കുന്ന മരം ഉടൻ മുറിച്ചുമാറ്റും.'

കാക്ക അത് ചെവിക്കൊണ്ടില്ല. വൈകാതെ, അവൾ അഭിമാനത്തോടെ കൂട് പൂർത്തിയാക്കി.

ദൗർഭാഗ്യകരമായി, അടുത്ത ദിവസം തന്നെ മരം മുറിച്ചുമാറ്റി. കാക്കയ്ക്ക് വീടില്ലാതായി. ഉറക്കമില്ലാതെ ഒരു രാത്രി കഴിച്ചുകൂട്ടി.

അടുത്ത പ്രഭാതത്തിൽ, കുയിൽ അതു വഴി വന്നു. കാക്ക ക്ഷീണത്തോടെയും ദുഃഖത്തോടെയും ഇരിക്കുന്നതു കണ്ടു. 'ഞാൻ നിന്നോട് പറഞ്ഞിട്ടുണ്ടായിരുന്നില്ലേ ആ ചാഞ്ഞുനിൽക്കുന്ന മരത്തിൽ കൂടുണ്ടാക്കരുതെന്ന്?' കുയിൽ പറഞ്ഞു.

'പ്രവർത്തിക്കുന്നതിനു മുമ്പ് നന്നായി ചിന്തിക്കണം. ഓർക്കുക, ശ്രദ്ധയോടെയുള്ള പരിഗണനയിൽ നിന്നാണ് ബുദ്ധിപരമായ തീരുമാനങ്ങളുണ്ടാവുക.'

# USE OF 'USED TO'

We use *used to* when we refer to things in the past which are no longer true.

It can refer to repeated actions or to a state or situation:

**Example**

- *He used to play football for the local team, but he's too old now.*
- *That white house over there used to belong to my family. (It belonged to my family in the past, but not anymore.)*

Warning :

In statements, the form *used to* does not change. We do not use the verb be before it. It always refers to past time:

**Example**

- *We used to go to the seaside every summer when I was a kid.*

**Longest English word without a vowel**

Without using any vowel letter, the longest English word can be formed which is seven letter word - 'Rhythm'.

# USE OF 'OUGHT TO'

Ought to is a semi-modal verb because it is in some ways like a modal verb and in some ways like a main verb. For example, unlike modal verbs, it is followed by to, but like modal verbs, it does not change form for person:

**Example**

- I ought to phone my parents.
- It ought to be easy now.

## Affirmative

Ought to comes first in the verb phrase (after the subject and before another verb)

**Example**

- We ought to do more exercise.

*Ought to* cannot be used with another modal verb:

- Medicine ought to be free.

Not: ~~Medicine ought to can be free.~~ or ~~Medicine can ought to be free.~~

### Alliteration

Alliteration is the repeating of consonant sounds right next to each other, which creates a memorable or melodic effect.
Eg: She sells seashells by the seashore.


Master
Imitable
A Sunday morning,
Isn't this where an accident happened yesterday?
Yes. The passengers were lucky to escape.
Do you know what the cause of the accident is?
The reason was that the sign-boards were not visible at night.
That's right. Look at that signboard, Adil.
Alas! It is completely hidden.
How about we clean everything up?
It will be very useful.
I will come with the necessary equipment.


It looks brand new.
Let it be upright.
This is very clear now.
Well done! Good children.
Thank you
Now let's wash our hands.
Isn't it a bright Sunday?
Of course

# WORD PUZZLE

Read the story 'Think before act', find the underlined words and try to find out its meaning using a dictionary.

| | | | | | | | |
|---|---|---|---|---|---|---|---|
| R | E | M | E | M | B | E | R |
| H | N | I | G | H | T | E | L |
| C | R | O | W | R | V | R | U |
| N | E | T | S | I | L | T | F |
| A | D | R | T | U | C | S | E |
| R | O | D | N | U | O | F | R |
| B | U | I | L | T | E | L | A |
| P | R | O | U | D | L | Y | C |




Answers: Dog, Donkey, Doctor

## Sudoku

| | | | | | |
|---|---|---|---|---|---|
| 5 | 2 | 4 | | 3 | |
| | | | 5 | | 2 |
| | 4 | | 6 | 1 | 5 |
| 6 | 5 | 1 | | 2 | |
| | | | 2 | 5 | 3 |
| 2 | | | 4 | 6 | 1 |

PRINTED AND PUBLISHED BY **KUNHAMMED** SAMASTHA ISLAMIC CENTRE, CALICUT - 673006, PRINTED AT: GEETHANJALI WEB OFFSETS, CALICUT. HONORARY CHIEF EDITOR: **MUHAMMED PARANNUR**